
# THE KUDUMBA DEEPAM.



Vol. VI.)    July 1935.    (No. 7.

## വിഷയവിവരം.


1. മാതൃഗീതി ... 193.
2. വി. തോമ്മസ് മൂർ ... 194
3. യഥാർത്ഥസാന്നിദ്ധ്യം ... 203.
4. ലൂർദ്ദിലെ ത്രിദിനാരാധന ... 206.
5. വിനയം ... 212.
6. ത്രേസ്യാന്മ്മാരുടെ ഇപ്പോഴത്തെ സ്ഥിതി ... 213.
7. ലൂർദ്ദിൽ നടന്ന പ്രസംഗങ്ങൾ ... 214.
8. നിങ്ങളുടെ കുടുംബം ... 217.
9. പൊതുനിയോഗം ... 222.
10. കുറിപ്പുകൾ ... ,,
11. പരസ്യങ്ങൾ ... 224.


"ക്ഷമയാം തോ          കുത്തി നീ
കുടുംബഭരണാംഭോധി സാവധാന    കടക്കുക."

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.
# ജാപ്പാനിസ് ദന്തവൈദ്യൻ.
## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചൂർണ്ണം.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦

### കാസശ്വാസനിവാരണി.

നിങ്ങൾ പലെ ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്തോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോടു. മലബാർ.

---

## വില്പ്പനക്കുള്ള ഇററാലിയൻ പടങ്ങൾ.

| | | | |
|---|---|---|---|
| $2\frac{1}{8}'' \times 3\frac{3}{4}''$ | എണ്ണച്ചായാപടം (വെട്ടുപടം) | 100-ന് | 1—0—0 |
| $2\frac{1}{2}'' \times 4\frac{1}{4}''$ | ടി. ടി. | ,, | 1—8—0 |
| ടി. | ടി. (മൂല ഉരുണ്ടതു്) | ,, | 1—10—0 |
| $2\frac{1}{2}'' \times 4''$ | Black with gilt edge | ,, | 7—0—0 |
| ടി. | Hand coloured with gilt edge | ,, | 8—0—0 |

ചെറുപുഷ്പമുദ്രാലയം, തേവര, എറണാകുളം.



വി. തോമ്മസ്സ് മൂർ.

# കുടുംബദീപം.

പുസ്തകം ൩. | ജൂലൈ ൧൯൩൮. | ലക്കം ൧.

## മാതൃഗീതി.

(റവ. ഫാദർ ജെയിക്കബ് കല്ലറക്കൽ.)

(ഉയിർകാതലരേ or ഹരിമാധവനെ. എ. മ.)

പല്ലവി.

വരദായിനിയേ—തിരുമാമരിയേ. (വര)

അനുപല്ലവി.

1. നീ ഗതിയേ സതിമാരിലമലേ,
നിജ സേവകനാവന യാവനനീയേ
ജയ! ശോഭനയേ!
മമ നായകിയേ!
പരനേശ്ശുജനിയേ!
സുരലോകറാണിയേ!
മുക്തിക്കുത്തമ പത്തനമേ (വരദാ)

2. കാരുണ്യസാഗരമായതുമാരോ?
കറ ലേശവുമേശാതെ ജാതയുമാരോ?
എത്രമോഹനീയം
മേരിനാമധേയം
ക്ലേശസംഹാരകം
ശാന്തിസന്ദായകം
മിന്നും ചന്ദ്രികസന്നിഭയേ (വരദാ)

3. കാർമൽസഭാരാമരാമണിയമെ;
മലർതാരകാഭിരാമവാർമുടിമണെ,
മരണാഭയമെ,
കരുണാനിലയെ,
തുണനീവരണെ
തരുണീമണിയെ
ചന്തം ചിന്തിനമന്ദിരമെ (വരദാ)

# വി. തോമ്മസ് മൂർ.

(തിരുനാൾ ജൂലൈ ൬)

തോമ്മസ്മൂർ ൧൪൭൮ ഫെബ്രുവരി ൭-ാം തീയതി ലണ്ടനിൽ ചീപ്പ്സയിഡ് (Cheapside) എന്നസ്ഥലത്ത് ജനിച്ചു. വി. ജോൺ ഫിഷറിന് തോമ്മസിനെക്കാൾ പത്തുവയസ്സ് കൂടുതലുണ്ടെങ്കിലും രണ്ടുപേരും മിക്കവാറും ഏകകാലത്താണു രക്തസാക്ഷിമകുടം സ്വീകരിച്ചത്. ഇംഗ്ലണ്ടിന്റെ അഭിവൃദ്ധിയുടെ ചരിത്രത്തിൽ ഫിഷറിനെപ്പോലെതന്നെ തോമ്മസിനും ഒരു അദ്വിതീയ സ്ഥാനമുണ്ട്. താൻ കത്തോലിക്കാ സഭയുടെ വിശ്വാസസംരക്ഷണത്തിനായി ജീവത്യാഗം ചെയ്യേണ്ടിവരുമെന്നു തോമ്മസ് ൧൫൩൪-ലെ ഈസ്റ്റർ ദിനമാണു ആദ്യമായിട്ടറിഞ്ഞത്. ൧൫൩൫ ലെ ഈസ്റ്ററാകട്ടെ ഇഹത്തിൽ അദ്ദേഹത്തിന്റെ അവസാനത്തേതുമായിരുന്നു.

ഓക്സ്ഫോഡിലെ അതിസമൎത്ഥനായ ഈ വിദ്യാൎത്ഥി ൨൬-ാമത്തെ വയസ്സിൽ പാർലിമെന്റ് സഭാംഗമായിത്തീൎന്നു. ഇദ്ദേഹത്തിന്റെ പ്രാവിണ്യം സാഹിത്യലോകത്തിലെപ്പോലെ തന്നെ അഭിഭാഷകവൃത്തിയിലും പരിലസിച്ചു. ശാസ്ത്രങ്ങളിലും കലകളിലും ഇദ്ദേഹത്തിനുണ്ടായിരുന്ന അനിതരസാധാരണമായ പാണ്ഡിത്യം നിമിത്തം അന്നത്തെ ധീശക്തികൾ ഇദ്ദേഹത്തിന്റെ സഹവാസത്തെ കാംക്ഷിച്ചിരുന്നു.

തോമ്മസ്സിന്റെ സങ്കല്പസൃഷ്ടിയായ 'കാണാൻകഴിയാത്ത ദ്വീപ്'ത്തെ വൎണ്ണിച്ചു എഴുതിയിട്ടുള്ള "ഉട്ടോപ്പിയ*" യുടെ പ്രസിദ്ധീകരണത്തോടുകൂടി അദ്ദേഹത്തിന്റെ കീൎത്തിസൂൎയ്യൻ മദ്ധ്യാഹ്നത്തെ പ്രാപിച്ചു.

മതസംബന്ധമായ കാൎയ്യങ്ങളിലും അദ്ദേഹം ഒട്ടും പിന്നാക്കമായിരുന്നില്ല. ഒരു സന്യാസിയോ വൈദികനോ ആകണമെന്നുള്ള വിചാരം അദ്ദേഹത്തിനു കുറെക്കാലത്തേക്കുണ്ടായിരുന്നു. കാൎത്തൂസ്യൻ സഭക്കാരുടെ മന്ദിരത്തിനു സമീപം താമസിച്ചിരുന്നതുകൊണ്ട് നാലുകൊല്ലത്തോളം അദ്ദേഹത്തിനു ആ സഭാംഗ

---

* ഇതു് സോവിയറ്റു റഷ്യായിലെ സ്കൂളുകളിലും സർവ്വകലാശാലകളിലും ഒരു പാഠ്യപുസ്തകമാണ്.

ങ്ങളുടെ ഉപവാസം, ജാഗരണം, പ്രാൎത്ഥന മുതലായവയിൽ സംബന്ധിക്കുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹം വിവാഹാനന്തരവും ഇതൊന്നും ഉപേക്ഷിച്ചിട്ടില്ല. അദ്ദേഹം രണ്ടു പ്രാവശ്യം വിവാഹം കഴിച്ചിട്ടുണ്ട്. ആദ്യ ഭാൎയ്യയുടെ മരണാനന്തരം തന്റെ മൂന്നു ചെറിയ പെൺകുട്ടികളുടെ സംരക്ഷണത്തിനായി അദ്ദേഹം ഒരു വിധവയെ പരിഗ്രഹിച്ചു. ഇങ്ങിനെയൊക്കെയായിരുന്നെങ്കിലും അദ്ദേഹം ഒരു ദിവസമെങ്കിലും ഒപ്പീസു എത്തിക്കുന്നതിനു മുടക്കം വരുത്തിയിട്ടില്ലെന്നു എരാസ്മൂസ് പ്രസ്താവിച്ചിരിക്കുന്നു.

പ്രഭുവുമായിട്ടുള്ള കൂടിക്കാഴ്ച.

ഒരുദിവസം നോർഫോക്ക് പ്രഭു, ചെൽസിയിലെ ഒരു ദേവാലയത്തിൽ ഗായകസംഘത്തോടുകൂടെ തോമ്മസും സൂപ്പ്ളേസ് ധരിച്ചുനിന്നുകൊണ്ട് പാടുന്നതായി കണ്ടു. പാട്ടു കഴിഞ്ഞപ്പോൾ പ്രഭു വിസ്മയഭരിതനായി അദ്ദേഹത്തോടു: "എന്റെ ദൈവമേ, ഇങ്ഗ്ലണ്ടിലെ ലോർഡ് ചാൻസ്ലറായ നിങ്ങൾ ഒരു എളിയ പാട്ടുകാരന്റെ ജോലി സ്വീകരിച്ചുകൊണ്ടു നിങ്ങളുടെ രാജാവിനേയും അവിടത്തെ ഉദ്യോഗത്തേയും അപമാനിക്കുന്നു." എന്നു പറഞ്ഞു തോമ്മസ്സ്മൂർ ചിരിച്ചുകൊണ്ടു: "ഒരിക്കലുമില്ല; നിങ്ങളുടെയും എന്റെയും യജമാനനായ രാജാവു ഇതുനിമിത്തം അതൃപ്തനായിത്തീരുമെന്നു വിചാരിക്കുന്നതു് അബദ്ധമാണ്. ഞാൻ ശുശ്രൂഷിക്കുന്നതു് നമ്മുടെ രാജാവിന്റെയും കൎത്താവായ ദൈവത്തെയാണ്. ഇക്കാരണത്താൽ ചാൻസ്ലർ ഉദ്യോഗത്തെ അപമാനിച്ചതായി ഞാൻ കരുതുന്നില്ല"

തോമ്മസ്സ്മൂർ ഇംഗ്ലണ്ടിലെ (രാജാവുകഴിഞ്ഞാൽ) ഒന്നാമത്തെ ഉദ്യോഗസ്ഥനായ ലോർഡ് ചാൻസ്ലർ ആയിത്തീൎന്നതു ൧൫൨൯-ലാണ്. ഇദ്ദേഹം ജോലിയിൽ പ്രവേശിച്ചു കുറേക്കഴിഞ്ഞപ്പോൾ സൎവ്വരാജ്യസംബന്ധമായ പല പ്രധാനപ്പെട്ട കാൎയ്യങ്ങളും നടത്തുന്നതിനു രാജാവു ഇദ്ദേഹത്തെ ഏല്പിച്ചു. ലൂഥറിനു വിരോധമായി ഹെൻറി അഷ്ടമൻ "Assertio Septem Sacramentorum" എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തുകയും അതി

ന്നെ ഒരു മറുപടികൊണ്ടു ലൂത്തർ എതിരിടുകയും ചെയ്തപ്പോൾ തോമ്മസ്മൂർ, വില്യംറോസ്സ് എന്നപേരുവെച്ച് മാർപ്പാപ്പായെ ആദരിച്ചുകൊണ്ടു ഒരു പ്രത്യാഖ്യാനം പ്രസിദ്ധപ്പെടുത്തി.

ചാൻസ്ലർ ഉദ്യോഗം ലഭിച്ചതോടുകൂടി തോമ്മസ്മൂർ സംതൃപ്തനോ നിരുത്സാഹിയോ ആയിത്തീൎന്നില്ല. പ്രത്യുത അദ്ദേഹം പണ്ടത്തേക്കാൾ ഉത്സാഹത്തോടുകൂടെ രാജാവിനും രാജ്യത്തിനും വേണ്ടി സേവനംചെയ്കയും രാജാവിന്റെ മതസംബന്ധമായ നിലയിൽ കഠിനമായ അതൃപ്തി പ്രദൎശിപ്പിക്കുകയും ചെയ്തിരുന്നു. ഹെൻറി അഷ്ടമൻ ആനിബോളിനിൽ അനുരക്തനായിത്തീൎന്നതിനാലും കത്രീനാ രാജ്ഞിയുമായുള്ള അയാളുടെ വിവാഹമോചനത്തിനു മാൎപ്പാപ്പാ അനുവദിക്കാഞ്ഞതിനാലും അയാൾ പ്രക്ഷുബ്ധനായി ഇംഗ്ലണ്ടിലെ സഭയുടെ തലവനായിത്തീരുന്നതിനു ഉത്സാഹിച്ചു. അചിരേണ ൧൫൩൧ ഫെബ്രുവരി മാസത്തിൽ പ്രഭുക്കന്മാരുടെ (Peers of the Realam) സമ്മേളനത്തിൽ വെച്ചു ഈ സ്ഥാനവും അയാൾക്കു ലഭിച്ചു.

തോമ്മസ്മൂർ ഉടൻതന്നെ ജോലി രാജിവെക്കുന്നതിനു വിചാരിച്ചെങ്കിലും പിന്നീടുണ്ടായ ആലോചനയുടെ ഫലമായി അത് തുടൎന്നുകൊണ്ടു പോകുന്നതിനുതന്നെ നിശ്ചയിച്ചു. 'തലവൻ' എന്ന സ്ഥാനം കത്തോലിക്ക സഭയുടെ വിശ്വാസത്തിനും ഉപദേശത്തിനും വിരുദ്ധമല്ലെന്നു ചിലർ വ്യാഖ്യാനിച്ചതിനാലും നവംനവങ്ങളും ഗുരുതരങ്ങളുമായ ദോഷങ്ങളെ തനിക്കു തടയുവാൻ സാധിക്കുമെന്നുള്ളതിനാലുമാണു അദ്ദേഹം ഉടൻ ഉദ്യോഗം ഉപേക്ഷിക്കാഞ്ഞത്. വാസ്തവത്തിൽ ഒരു കൊല്ലം കഴിഞ്ഞു "വൈദികരുടെ കീഴ്‌വഴക്കം" ബിൽ സഭയിൽ വാദപ്രതിവാദത്തിനു വന്നപ്പോൾ അദ്ദേഹം അതിനെ ശക്തിയുക്തം പ്രതിഷേധിക്കുകയും തന്നിമിത്തം ബിൽ പ്രഭുസഭയിൽ പാസ്സാകാതെ തള്ളപ്പെട്ടുപോകയുമാണുണ്ടായതു. ഈ സംഭവം രാജാവിനെ അത്യധികം കുപിതനാക്കിയതിനാൽ അദ്ദേഹം മൂന്നു ദിവസം കഴിഞ്ഞു അതായത് ൧൫൩൨ മെയ് ൧൬-ാം തീയതി ഉദ്യോഗം രാജികൊടുത്തു് സ്വകൃത്യങ്ങളിൽ പ്രവേശിച്ചു.

അദ്ദേഹത്തിൻെറ രാജി, രാജാവിൻെറ കോപത്തിനും ആനിബോളിൻെറ വിരോധത്തിനും അദ്ദേഹത്തെ കൂടുതൽ പാത്രീഭൂതനാക്കിത്തീൎത്തതെയുള്ളു. അനേകം കുററാരോപണങ്ങൾക്കും ശകാരവൎഷങ്ങൾക്കും അദ്ദേഹം ശരിയായ മറുപടി കൊടുത്തുകഴിഞ്ഞപ്പോൾ ൧൫൩൪ ഏപ്രിൽ ൧൨-ാം തീയതി ഉയിൎപ്പുഞായറാഴ്ച, മാൎപ്പാപ്പായുടെ അധികാരപ്രതിഷേധമടങ്ങിയ പിന്തുടൎച്ചാവകാശബില്ലിനെ സമ്മതിച്ചു സത്യപ്രതിജ്ഞ ചെയ്യാൻ അടുത്ത ദിവസം ലാമ്പേത്ത് ന്യായാസനത്തിൻമുമ്പാകെ ഹാജരാകണമെന്നു അദ്ദേഹത്തിനു സമൻസ് ലഭിച്ചു.

അടുത്തദിവസം രാവിലെ അദ്ദേഹം ദേവാലയത്തിൽപോയി ദിവ്യപൂജയിൽ സംബന്ധിച്ച് വി. കുൎബ്ബാന സ്വീകരിച്ചു. പിന്നീടു അദ്ദേഹം തൻെറ ജാമാതാവായ റോപ്പറും നാലു ഭൃത്യന്മാരുമൊന്നിച്ചു പുറപ്പെട്ടു. തേയിംസ നദീതീരത്തു എത്തിയപ്പോൾ തൻെറ ജാമാതവിനെ സമീപിച്ചു അദ്ദേഹം അയാളുടെ ചെവിയിൽ ഇങ്ങിനെ പറഞ്ഞു: "എൻെറ മകനെ ദൈവത്തിനു സ്തുതിയായിരിക്കട്ടെ. യുദ്ധത്തിൽ വിജയം ലഭിച്ചിരിക്കുന്നു."

### ലണ്ടൻ ഗോപുരത്തിൽ.

ന്യായാധിപന്മാരുടെ മുമ്പിൽ അദ്ദേഹം, ബിഷോപ്പ് ഫിഷർ ചെയ്തതുപോലെ രാജാവിൻെറ പുതിയ പിന്തുടൎച്ചാവകാശത്തെ അംഗീകരിക്കാൻ താൻ തയ്യാറാണെന്നും മാൎപ്പാപ്പായുടെ ശ്രേഷ്ഠാധിപത്യത്തെ നിഷേധിക്കുന്ന ആ നിയമം അപ്പടി സ്വീകരിക്കാൻ തനിക്കു നിവൃത്തിയില്ലെന്നും പറഞ്ഞു. തന്നിമിത്തം ഏപ്രിൽ ൧൭-ാം തീയതി അദ്ദേഹത്തെ ലണ്ടൻ ഗോപുരത്തിലിട്ടുപൂട്ടി.

ഇംഗ്ലണ്ടിൻെറ ചാൻസ്ലറായ മൂറിൻെറ കാരഗൃഹവാസം ഒരു കൊല്ലവും മൂന്നുമാസവും ദീൎഘിച്ചു. പൊതുജനസമ്മതനായ മൂറിനെ തൻെറ പാൎശ്വവൎത്തിയാക്കിത്തീൎക്കുവാൻ രാജാവു സൎവ്വശക്തികളും പ്രയോഗിച്ചുനോക്കി. തോമ്മസ്മൂറിൻെറ ഭാൎയ്യയെതന്നെ അദ്ദേഹത്തിൻെറ അടുക്കൽ രാജാവു അയച്ചു. അവർ

"എലികളുടെയും വൃത്തികെട്ട പുഴുക്കളുടേയും സങ്കേതസ്ഥലമായ ഈ കാരാഗൃഹത്തെക്കാൾ നമ്മുടെ ഭവനം, നമ്മുടെ വായനശാല, നമ്മുടെപൂന്തോട്ടം, എത്ര മനോഹരമാണ്. നമുക്കു അങ്ങോട്ടു പോയി സന്തോഷമായി കഴിയാമല്ലൊ" എന്നു പറഞ്ഞു. അതിനു മൂർ "ഈ കാരാഗൃഹം എന്റെ വീടുപോലെതന്നെ സ്വർഗ്ഗത്തിനു സമീപമല്ലെ?" എന്നു ചോദിച്ചു.

അനന്തരം മൂറിന്റെ വാത്സല്യപുത്രിയായ പ്രിയ 'മെഗ്' അദ്ദേഹത്തെ സന്ദർശിച്ച് അദ്ദേഹത്തെക്കൊണ്ടു സത്യപ്രതിജ്ഞ ചെയ്യിക്കാൻ ഉത്സാഹിച്ചു. "ദൈവിക നിയമത്താൽ അനുവദിക്കപ്പെട്ടിടത്തോളം" എന്നുകൂടി കൂട്ടിച്ചേർത്തു സത്യപ്രതിജ്ഞ ചെയ്യുന്നതു തെററല്ലെന്നു വിചാരിച്ചിരുന്നവരുടെ കൂട്ടത്തിലായിരുന്നു മെഗ്. അവളുടെ ശക്തിമത്തായ പ്രലോഭനത്തിനു വശംവദനാകാതെ അദ്ദേഹം "ഹവ്വാമദാമ്മ" എന്നു വിനോദഭാവത്തിൽ പറഞ്ഞു. വീണ്ടും അദ്ദേഹം "എന്റെ പ്രിയ മകൾ മർഗ്ഗരീത്താ, ഈ സംഗതിയെക്കുറിച്ചു നാം പലപ്പോഴും സംസാരിച്ചിട്ടുള്ളതാണല്ലൊ. ദൈവത്തെ ദ്രോഹിക്കാതെ ചെയ്യാൻ പാടുണ്ടായിരുന്നെങ്കിൽ എത്രയൊ മുമ്പെ മററുള്ളവരെക്കാളും തൃപ്തിയോടുകൂടെ ഞാൻ സത്യപ്രതിജ്ഞചെയ്യുമായിരുന്നു." എന്നു് അറിയിച്ചു.

ഒരിക്കൽ അദ്ദേഹം അവൾക്കു ഇങ്ങിനെ എഴുതി: "എന്റെ വാത്സല്യ പുത്രി, നിന്റെ എഴുത്തുപോലെ മറെറാന്നും എന്നെ ക്ഷോഭിപ്പിക്കയോ വേദനപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിൽ നീ ഉപയോഗിച്ചിരിക്കുന്ന ചില വാക്യങ്ങൾ എന്റെ ഹൃദയത്തെ വ്രണപ്പെടുത്തി. ആവശ്യം പ്രമാണിച്ചു-എന്റെ ആത്മരക്ഷയെപ്രതിമാത്രം-ഞാൻ വിസമ്മതിച്ച ഒരു സംഗതി നീ എന്നെക്കൊണ്ടു ചെയ്യിക്കുവാൻ ശ്രമിക്കുന്നു. അതിനു, ഞാൻ ഇതിനുമുമ്പു നിനക്കു തന്നിട്ടുള്ളതുപോലെ ഇപ്പോഴും തീർച്ചയായ ഒരു മറുപടിതന്നെ തരുന്നു." അദ്ദേഹത്തിന്റെ പ്രതിഷേധപരമായ എല്ലാ ധീരപ്രവൃത്തികളും അദ്ദേഹം ഒരു ഒററ വാക്യത്തിൽ കുറിച്ചു വെച്ചിരുന്നു: "Quod mors pro fide non

sit fugiendꝝ" (വിശ്വാസത്തിനുവേണ്ടി മരണത്തിൽനിന്നു ആരും ഓടിപ്പോകണ്ട )

വിശ്വാസപ്രഖ്യാപനം.

തോമ്മസ്മൂർ മരണവിധിയെപ്പററികേട്ടയുടനെ എഴുന്നേററുനിന്നു ഇങ്ങിനെ പറഞ്ഞു: "മനസ്സാക്ഷി സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ ഇപ്പോൾ മരണത്തിനുവിധിക്കപ്പെട്ടിരിക്കുന്നതിനാൽ നിങ്ങളുടെ വിധിയെക്കുറിച്ചു എനിക്കുള്ള അഭിപ്രായത്തെ തുറന്നു പറഞ്ഞുകൊള്ളട്ടെ ഈ സംഗതിയെപ്പററി ഞാൻ ഏഴു കൊല്ലം പഠിക്കുകയും ഗാഢമായി ചിന്തിക്കുകയും ചെയ്തിട്ടുണ്ടെന്നു ഞാൻ നിങ്ങളോടു ആദ്യമായി പറഞ്ഞുകൊള്ളുന്നു. എന്നാൽ ഇതുവരെ ഒരു ആത്മിക അഥവാ വൈദിക സ്ഥാപനത്തിന്റെ തലവനായി ഒരു അൽമേനിയെ അല്ലെങ്കിൽ സാധാരണക്കാരനെ നിയമിക്കുവാൻ പാടുണ്ടെന്നു പറയുന്ന തിരുസ്സഭയാൽ അംഗീകരിക്കപ്പെട്ട ഒരൊററ വേദപാരംഗതനെപ്പോലും ഞാൻ കണ്ടിട്ടില്ല."

അതിനിടക്കു നോൻഫോക്കു് പ്രഭു ഇപ്രകാരം പറഞ്ഞു: "നിങ്ങളുടെ ദുഷ്ടബുദ്ധി ഇപ്പോൾ പ്രത്യക്ഷമായിരിക്കുന്നു." അതിനു മൂർ മറുപടി പറഞ്ഞതായതു : "ഞാൻ ഇങ്ങിനെ പറയുന്നതു എന്റെ ദുഷ്ടബുദ്ധികൊണ്ടല്ല. മനുഷ്യഹൃദയങ്ങളെ പരിശോധിക്കുന്ന ദൈവത്തിന്റെ മുമ്പാകെ എന്റെ മനസ്സാക്ഷിയുടെ നിർദ്ദോഷത്വത്തെ വെളിപ്പെടുത്തുന്നതിനുവേണ്ടിമാത്രമാകുന്നു. നിങ്ങളുടെ വിധി അന്യായമായിട്ടുള്ളതാണെന്നുകൂടി ഞാൻ പറയുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങൾ തിരുസ്സഭയ്ക്കു വിരോധമായി യാതൊന്നും ചെയ്യുന്നതല്ലെന്നു ഒരിക്കൽ സാഘോഷം സത്യപ്രതിജ്ഞചെയ്തിട്ടുണ്ടു.... നിങ്ങൾ എന്നെ മരണത്തിനു വിധിച്ചതെന്തിനാണെന്നു എനിക്കു അജ്ഞാതമല്ല. അതു ഞാൻ രാജാവിന്റെ പുതിയ വിവാഹത്തെ ഒരിക്കലും അനുകൂലിക്കാഞ്ഞിട്ടാണു്. വി. പൌലോസ് വി. എസ്തപ്പാനോസിനെ ഹിംസിച്ചുവെങ്കിലും ഇരുവരും സ്വർഗ്ഗരാജ്യത്തിനവകാശികളായതുപോലെ ഈ ലോകത്തിൽ നമ്മളും വിരുദ്ധാഭിപ്രായക്കാരാണെ

ങ്കിലും ഭാവിയിൽ പരിപൂൎണ്ണമായ ഉപവിയുടെ ഐക്യത്താൽ ഏകീകൃതരായിത്തീരുമെന്നു ഞാൻ ദൈവത്തിൽ ശരണപ്പെടുന്നു. ഈ പ്രതീക്ഷയോടുകൂടെ രാജാവിനെ നമ്മളോടൊന്നിച്ചു രക്ഷിക്കണമെന്നും അദ്ദേഹത്തിനു നല്ല ഉപദേഷ്ടാക്കളെ കൊടുക്കാൻ കരുണയുണ്ടാകണമെന്നും ഞാൻ ദൈവത്തോടു പ്രാൎത്ഥിക്കുന്നു."

മൂറിനെ കാണുന്നതിനു മാൎഗ്ഗമദ്ധ്യേ നിന്നിരുന്ന മൎഗ്ഗരീത്താ, കാവല്ക്കാരെ അകററി മൂറിൻെറ അടുത്തു ചെന്നു അദ്ദേഹത്തെ ആലിംഗനംചെയ്തുകൊണ്ടു വളരെ നേരം നിന്നു. മൂർ അവളെ അനുഗ്രഹിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു: "മൎഗ്ഗരീത്താ, നീ ക്ഷമിക്കണം. നീ ഇനി വ്യസനിച്ചിട്ടാവശ്യമില്ല, ഇതു് ദൈവേഷ്ടമാണു്." ആ യുവതി അദ്ദേഹത്തെ വിട്ടുമാറിയെങ്കിലും വീണ്ടും ഓടിച്ചെന്നു അദ്ദേഹത്തെ ആശ്ലേഷിക്കുന്നതു കണ്ടു അടുത്തുണ്ടായിരുന്നവരെല്ലാം വാവിട്ടു കരഞ്ഞുപോയി. അദ്ദേഹം വീണ്ടും ഗോപുരത്തിൽ പ്രവേശിച്ചു തനിക്കു ശേഷിച്ചിരുന്ന അല്പദിവസങ്ങൾ പ്രാൎത്ഥനയിൽ കഴിച്ചുകൂട്ടി. കുറെ ആഴ്ചകൾക്കുമുമ്പു രാജാവിൻെറ കോപാഗ്നിക്കിരയായ കാൎത്തുസ്യൻ സഭയിലെ മൂന്നു ശ്രേഷ്ഠന്മാരെ കൊലക്കളത്തിലേക്കു കൊണ്ടുപോകുന്നതു തൻെറ കാരാഗൃഹത്തിൽനിന്നു കണ്ടുകൊണ്ടിരുന്ന മൂർ, തൻെറകൂടെ ഉണ്ടായിരുന്ന വാത്സല്യ പുത്രിയോടു ഇപ്രകാരം പറഞ്ഞു: "പ്രിയ മൎഗ്ഗരീത്താ, കാമുകീകാമുകന്മാർ വിവാഹത്തിനു പോകുന്നതുപോലെ ഈ അനുഗൃഹീതരായ അച്ചന്മാർ കൊലക്കളത്തിലേയ്ക്കു പോകുന്നതു നീ കാണുന്നില്ലേ? ദൈവം നിൻെറ പാവപ്പെട്ട അപ്പനെ ഈ ജീവിതത്തിലെ ദുഃഖത്തിൽ ഇനിയും നിമഗ്നനാക്കാതെ നിത്യഭാഗ്യമനുഭവിക്കുന്നതിനു അവനെ യോഗ്യനാക്കുമാറാകട്ടെ."

അതേമരണംതന്നെ അദ്ദേഹത്തേയും അനുധാവനംചെയ്തു. ജൂലൈ അഞ്ചാംതീയതി അദ്ദേഹം സ്വകുടുംബത്തിലേക്കു ഒരു തുണ്ടുകടലാസ്സിൽ കരിക്കട്ടകൊണ്ടു ഇപ്രകാരം എഴുതി അയച്ചു: "വി. പത്രോസിൻെറ തിരുനാളിൻെറ എട്ടാം ദിനവും വി.

തോമ്മസിന്റെ തിരുനാളിന്റെ തലേദിവസവുമായ നാളെ യഥാൎത്ഥത്തിൽ ദൈവത്തിന്റെ അടുക്കലേക്കു പോകുന്നതിനുള്ള ഒരു സുദിനമാകുന്നു.” വാസ്തവത്തിൽ അടുത്ത ദിവസം ഒമ്പതു മണിക്കു മരണശിക്ഷ നടത്തപ്പെടുന്നതാണെന്നു അദ്ദേഹത്തിനു അറിവുകിട്ടി. അദ്ദേഹം, ലണ്ടനിലെ ഒരു സമ്പന്നനായ ഇത്താല്യൻ വൎത്തകൻ അദ്ദേഹത്തിനു സമ്മാനിച്ചിരുന്ന വിശേഷ വസ്ത്രങ്ങൾ ഈ അവസരത്തിൽ ധരിച്ചു.

അദ്ദേഹം കൊലക്കളത്തിൽ എത്തിയപ്പോൾ താൻ തിരുസ്സഭയിലും തിരുസ്സഭക്കുവേണ്ടിയും ദൈവത്തിന്റെയും രാജാവിന്റെയും വിശ്വസ്തദാസനായും മരിക്കുന്നുവെന്നു അടുത്തുനിന്നവരോടു പറഞ്ഞു. അനന്തരം മുട്ടുകുത്തി “ദൈവമേ, നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകണമേ” എന്നാരംഭിക്കുന്ന ൫൧-ാം സങ്കീൎത്തനം ജപിച്ചു. അവിടെനിന്നു എഴുന്നേററു ഘാതകന്റെ അടുക്കൽ ചെന്നപ്പോൾ അയാൾ അദ്ദേഹത്തോടു ക്ഷമായാചനം ചെയ്തു. അതിനു അദ്ദേഹം ഘാതകനെ ആശ്ലേഷിച്ചുകൊണ്ടു: “സ്നേഹിതാ, സന്തോഷമായിരിക്ക, എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യനു ചെയ്യാൻപാടുള്ളതിൽ ഏററവും വലിയ ഒരു അനുഗ്രഹമാണ് നിങ്ങൾ എന്നോടു കാണിക്കുന്നതു്. ഞാൻ നിങ്ങളെ അധികം ബുദ്ധിമുട്ടിക്കുമെന്നു ഭയപ്പെടുന്നു. എന്റെ കഴുത്തു വളരെ കുറിയതാകകൊണ്ടു വെട്ടു തെററി നിങ്ങളുടെ സൽകീൎത്തിക്കു ഹാനിവരാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണം” എന്നു പറഞ്ഞുകൊണ്ടു സന്തോഷത്തോടുകൂടെ തടിമേൽ തലവെച്ചുകൊടുത്തു.

ഈ മഹാത്മാവിന്റെ തല ഒരു കുന്തത്തിന്റെ മുനയിൽ എടുത്തു ലണ്ടൻ പാലത്തിന്മേൽ നാട്ടി. വാത്സല്യ മൎഗ്ഗരീത്താ ശരീരമെടുത്തു വി. ജോൺ ഫിഷറിന്റെ ശരീരത്തോടുകൂടെ ഭക്തിപൂൎവ്വം സംസ്കരിച്ചു.

ഹെൻറി രാജാവു പകിടകളിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ വധവൃത്താന്തമറിഞ്ഞതു്. അയാൾ വേഗത്തിൽ എഴുന്നേററു തന്റെ അടുക്കൽ ഇരിക്കുന്ന ആനിബോളിനെ കോപാവ

ശേത്തോട്ടുകൂടെ ഒന്നു നോക്കിയതിൻെറശേഷം അവളോടു ഇങ്ങിനെ പറഞ്ഞു: "ഈ കൊലയുടെ കാരണക്കാരി നീയാണ്." അനന്തരം അയാൾ തൻെറ മുറിയിൽപ്പോയിരുന്നു കരഞ്ഞു. ആനിബോളിനും അവളുടെ മുറിയിലേക്കു പുറപ്പെട്ടു. എന്നാൽ മാൎഗ്ഗമദ്ധ്യേ ഭിത്തിമേൽ തൂക്കിയിട്ടിരുന്ന തോമ്മസ്മൂറിൻെറ ഒരു ഛായാപടം അവൾ ദശിക്കവേ ഇപ്പോൾ കൊല്ലപ്പെട്ട ആ മനുഷ്യൻ തൻെറ നേരെ കണ്ണുതിരിച്ചുനോക്കുകയാണ എന്ന് അവൾക്കു തോന്നി. ഭയവിഹ്വലയായ അവൾ അതു അവിടെ നിന്നും പറിച്ചെടുത്തു വാതായനത്തിൽകൂടി പുറത്തേക്കു എറിഞ്ഞുകൊണ്ടു: "അതു ഇപ്പോഴും ജീവിക്കുന്നതുപോലെ തോന്നുന്നു." എന്നു പറഞ്ഞു.

ജോൺഫിഷർ, തോമ്മസ്മൂർ എന്നീ വിശുദ്ധന്മാരുടെ മരണം നിമിത്തം ലോകത്തിനുണ്ടായിട്ടുള്ള അനുഭവം വാചാമഗോചരമാണ്. ഈ സംഗതി റൊട്ടർഡായിലെ എറാസ്മൂസ് "For the most holy Martyrs, the Bishop of Rochester and Thomas More" എന്ന ലഘു കാവ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

തോമ്മസ് മൂറിനേയും ജോൺ ഫിഷറിനേയും വിശുദ്ധരെന്നു നാമകരണം ചെയ്തതു അവരുടെ വേദസാക്ഷിത്വത്തിനു പരോക്ഷമായ കാരണമായി ഭവിച്ച ആനിബോളിൻെറ ചരമവാൎഷികദിനത്തിലാണ്. ഹെൻറി അഷ്ടമൻെറ ദ്വിതീയ ഭാൎയ്യയായ അവരെ ൧൫൩൬ മേയ് ൧൯-ാംതീയതിയാണ് ശിരഃഛേദം ചെയ്തതു്.

തോമ്മസ്മൂർ, ജോൺഫിഷർ എന്നീ സിദ്ധന്മാരെ വിശുദ്ധരെന്നു പേരു വിളിക്കുന്ന ചടങ്ങിൽ സംബന്ധിക്കാൻ വന്ന ൨൫൦ ജൎമ്മൻ തീൎത്ഥകരോടു പരിശുദ്ധ പിതാവു അരുളിച്ചെയ്ത ശ്രദ്ധേയമായ വാക്കുകളെ ഇവിടെ ഉദ്ധരിച്ചുകൊണ്ടു ഈ ലേഖനത്തെ ഉപസംഹരിച്ചുകൊള്ളുന്നു: "ഇതു ആപൽക്കരമായ ഒരു ഘട്ടമാകുന്നു. മററുള്ളവൎക്കും വേദസാക്ഷിത്വം ഉണ്ടാകുമെന്നു വരാം. പക്ഷേ അതു രക്തംകൊണ്ടുള്ള വേദസാക്ഷിത്വമല്ലായി

രിക്കാം; പ്രസ്തുത സഭയാൽ നിൎദ്ദിഷ്ടമായ ദൈവത്തോടുള്ള കടമ കൾ നിൎവ്വഹിക്കുന്നതിന്ന ആഗ്രഹിക്കുന്ന ഘട്ടത്തിൽ അഭിമുഖീ കരിക്കേണ്ടിവരുന്ന വൈഷമ്യങ്ങളോടുകൂടിയ ജീവിതത്തിൻെറ വേദസാക്ഷിത്വമായിരിക്കാം. എന്നാൽ അവിടുത്തെ വിശ്വസി ക്കുകയും ശരണപ്പെടുകയും ചെയ്യുന്നവൎക്ക് ഒരു ആശ്വാസമുണ്ട്. അതായതു് അവിടുത്തെ ആശ്രയിക്കുന്നവരെ അവിടുന്ന ഒരിക്ക ലും കൈവിടുകയില്ല."

# യഥാൎത്ഥ സാന്നിദ്ധ്യം.

റവ. ഫാദർ മാവുരൂസ് സി. ഡി.

## 2. സ്ഥാപനം.

ഇങ്ങനെ കഫ്ർണാമിൽവച്ച വാഗ്ദത്തം ചെയ്യപ്പെട്ട സാ ക്ഷാൽ തിരുശരീരത്തെതന്നെ അന്ത്യ അത്താഴസമയത്തു ദിവ്യ ഗുരു തൻെറ ശിഷ്യന്മാൎക്കു നൽകി. മത്തായി, മൎക്കോസ് ലൂക്കാ എന്നീ സുവിശേഷകന്മാരും വി. പൗലോസും എഴുതിയിരിക്കുന്ന തുപോലെ മിശിഹാ അങ്ങേ പീഡാനുഭവത്തിൻെറ തലേദിവ സം അത്താഴസമയത്തു അപ്പം എടുത്തു് ആശീൎവ്വദിച്ചു മുറിച്ചു ശ്ലീഹന്മാൎക്കു കൊടുത്തു പറഞ്ഞു. "വാങ്ങിഭക്ഷിപ്പിൻ, ഇതു നി ങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു." അന ന്തരം പാനപാത്രം എടുത്തു സ്തോത്രംചെയ്തു് അവൎക്കു കൊടുത്തു പറഞ്ഞു: "നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ. എ ന്തുകൊണ്ടെന്നാൽ ഇതു പുതിയ നിയമത്തിലെ എൻെറ രക്തമാ കുന്നു ഇതു പാപമോചനാൎത്ഥം അനേകൎക്കുവേണ്ടി ചിന്തപ്പെ ടും." (മത്തായി XXVI: 26—28; മൎക്കോസ് XIV 22; ലൂക്കാ XXII 19.; I കോറി. XI. 24 കാണുക.) ഈ വാക്യങ്ങളെ അക്ഷരാൎത്ഥ ത്തിൽ സ്വീകരിക്കുകയാണെങ്കിൽ കത്തോലിക്ക വിശ്വാസത്തെ സ്ഥാപിക്കുന്നതിന്ന വേറെ ന്യായം ആവശ്യമില്ല. കൎദ്ദിനാൾ വൈസ്മാൻ പറയുന്നതുപോലെ മിശിഹായുടെ തിരുശരീരവും

തിരുരക്തവും ആരാധനീയമായ ദിവ്യകാരുണ്യത്തിൽ സത്യമായും യഥാൎത്ഥമായും ഉണ്ടെന്നു നാം വിശ്വസിക്കുന്നു. അതിന്റെ കാരണം സൎവ്വശക്തനായ ദൈവം-അതെ ഇല്ലായ്മയിൽനിന്നു സൎവ്വ ചരാചരങ്ങളേയും ഉണ്ടാക്കിയ ദൈവംതന്നെ-അപ്പവും വീഞ്ഞും എടുത്തു 'ഇതു എന്റെ ശരീരമാകുന്നു, ഇതു എന്റെ രക്തമാകുന്നു' എന്നു അരുളിച്ചെയ്തുതന്നെ. നമ്മുടെ ന്യായവാദത്തിന്റെ ശക്തിമുഴുവൻ ഇതിലാണു സ്ഥിതിചെയ്യുന്നതു്. മിശിഹാ പറയുന്നതു് കത്തോലിക്കർ സമ്മതിക്കുന്നു. ഇതത്രെ അവരുടെ വിശ്വാസം. "ഇതു് എന്റെ ശരീരമാകുന്നു" എന്നു മിശിഹാ പറയുമ്പോൾ "അതു നിന്റെ ശരീരമാകുന്നു" എന്നു ഞാൻ വിശ്വസിക്കുന്നു" എന്നു കത്തോലിക്കൻ ഏറ്റുപറയുന്നു. പ്രോട്ടസ്റ്റാൻറുകാരനാകട്ടെ "അതു നിന്റെ ശരീരത്തിന്റെ സാദൃശ്യം ആണെന്നു ഞാൻ വിശ്വസിക്കുന്നു" എന്നു പറയുന്നു. ഇവരിൽ ആരാണു മിശിഹായുടെ പ്രബോധനത്തെ അഭംഗമായി വിശ്വസിക്കുന്നതു്?

"ഇതു എന്റെ ശരീരമാകുന്നു" എന്ന വാക്യത്തെ രൂപകാൎത്ഥത്തിൽ വ്യാഖ്യാനിക്കുന്നതിനുള്ള ശ്രമംതന്നെ വേദപുസ്തകവ്യാഖ്യാനനിയമങ്ങൾക്കും സുബുദ്ധിക്കും ചേരുന്നതല്ല. രൂപകാൎത്ഥം കല്പിക്കുവാൻ യാതൊരു ന്യായവും ഇല്ല. അക്ഷരാൎത്ഥത്തിൽ സ്വീകരിക്കുന്നതിനാകട്ടെ ന്യായങ്ങൾ വളരെയുണ്ടു്. മൂലവാക്യത്തിന്റെ (Text) പ്രസ്പഷ്ടതയും അതിൽ പറയുന്ന കാൎയ്യത്തിന്റെ സുസാദ്ധ്യതയുംതന്നെ ഒന്നാമത്തെ ന്യായം. പൂൎവ്വാപരവാക്യസംബന്ധവും (Context) മററു സാഹചൎയ്യങ്ങളും അക്ഷരാൎത്ഥംതന്നെ കല്പിക്കുവാൻ നമ്മെ നിർബന്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ രൂപകാൎത്ഥത്തിൽ പറയുന്നതിനേപ്പോലും അക്ഷരാൎത്ഥത്തിൽ മനസ്സിലാക്കുന്നതിനു സദാ സന്നദ്ധരും, (മത്താ XVI: 11.) രൂപകാൎത്ഥവ്യാഖ്യാനത്തിനു പ്രാപ്തിയില്ലാത്തവരും, മിശിഹായുടെ അത്ഭുതങ്ങളുടെ ദൃക്സാക്ഷികളും തന്മൂലം അവിടത്തെ ശക്തിയിൽ വലിയ വിശ്വാസമുള്ളവരും മാത്രമല്ല അവിടുന്നു ദൈവംതന്നെയെന്നു വിശ്വസിച്ചിരുന്നവരും (മ

ത്താ. xix: 26.) മുൻപു വാഗ്ദാനം ചെയ്യപ്പെട്ട അപ്പത്തെ സാക്ഷാൽ ശരീരമായി മനസ്സിലാക്കിയിരുന്നവരും (യോ vi: 48sqq) ആ വാഗ്ദാനത്തിൻെറ പൂൎത്തീകരണത്തെ പ്രതീക്ഷിച്ചിരുന്നവരും ആയ തൻെറ ശിഷ്യന്മാരോടാണു മിശിഹാ ഇതു അരുളിചെയ്തതു്. അതുകൊണ്ടു അന്നു അവർ അക്ഷരാൎത്ഥത്തിൽ ഗ്രഹിച്ചതുപോലെതന്നെ ഇന്നും ഗ്രഹിച്ചു എന്നു ന്യായമായി അനുമാനിക്കണം. പിന്നീട്ടുള്ള അവരുടെ പ്രവൎത്തനരീതിയും ഉപദേശവും ഈ അനുമാനത്തെ ഉറപ്പിക്കുന്നു. "നാം ആശീൎവ്വദിക്കുന്ന ആശീൎവ്വാദത്തിൻെറ കാസാ മിശിഹായുടെ രക്തത്തിൻെറ ഓഹരി സ്വീകാൎയ്യമല്ലയോ? നാം വിഭജിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിൻെറ അംശാംഗീകരണവുമല്ലയോ? "(I കോറി x: 16 ) എന്നു വി. ശ്ലീഹ പ്രസംഗവശാൽ ചോദിച്ച ചോദ്യം യഥാൎത്ഥസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസത്തെ കാണിക്കുന്നു, അദ്ദേഹംതന്നെ ദിവ്യകാരുണ്യസ്ഥാപനത്തെ അനുസ്മരിപ്പിച്ചുകൊണ്ടു അതിനെ സ്വീകരിക്കേണ്ട വിധത്തെ ഉപദേശിക്കുന്നതു കേട്ടാലും. "ആകയാൽ അയോഗ്യതയോടെ ഈ അപ്പം ഭക്ഷിക്കയോ, കൎത്താവിൻെറ കാസായേ പാനം ചെയ്കയോ ചെയ്യുന്നവൻ കൎത്താവിൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും കുററക്കാരനാകും." (I കോറി xi: 27.) വി. കുർബ്ബാനയിൽ കൎത്താവിൻെറ സാക്ഷാൽ സാന്നിദ്ധ്യത്തെയല്ലയോ ഇതു വെളിപ്പെടുത്തുന്നതു്. വീണ്ടും തുടൎന്നുപറയുന്നു: "എന്നാൽ മനുഷ്യൻ തന്നെത്തന്നെ ശോധനചെയ്കയും അങ്ങനെ ഈ അപ്പത്തിൽനിന്നു ഭക്ഷിക്കയും കാസായിൽനിന്നു പാനം ചെയ്കയും ചെയ്യട്ടെ. എന്തെന്നാൽ കൎത്താവിൻെറ ശരീരത്തെ വിവേചിക്കാതെ അയോഗ്യതയോടെ ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നവൻ തനിക്കു വിധിയെ ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നു." (I കോറി. xi 28. 29.) വി. പൗലോസും അക്ഷരാൎത്ഥത്തിൽതന്നെ പ്രസ്തുത വാക്യത്തെ മനസ്സിലാക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്തു എന്നല്ലയൊ ഇതിൽനിന്നു സ്പഷ്ടമാകുന്നതു്? എന്നാൽ രൂപകാൎത്ഥത്തിലാണു മിശിഹാ പറഞ്ഞ

ത്തെങ്കിൽ അവിടുത്തെ രഹസ്യങ്ങൾകൂടെയും അറിയുന്നതിനു വിളിക്കപ്പെട്ട ശ്ലീഹന്മാർക്ക് (മത്താ XIII: 11) അതെ, അവിടുത്തെ ദിവ്യോപദേശങ്ങളെ, രക്ഷയുടെ അപരിത്യാജ്യമാർഗ്ഗങ്ങളെ ലോകമെങ്ങും അറിയിക്കുന്നതിനും, തിരുസ്സഭയാകുന്ന അജക്കൂട്ടത്തെ പാലിക്കുന്നതിനും തിരിഞ്ഞെടുക്കപ്പെട്ട ആ വാത്സല്യ ശിഷ്യഗണത്തിനു അതു വിശദമാക്കി കൊടുക്കുകയില്ലായിരുന്നുവോ? തീർച്ചയായും അങ്ങനെതന്നെ അവിടുന്നു ചെയ്യുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്തിട്ടില്ലാത്തതുകൊണ്ടു അക്ഷരാർത്ഥംതന്നെയാണു അവിടുന്നു ഉദ്ദേശിച്ചതു എന്നു സിദ്ധിക്കുന്നു. സാക്ഷാൽ സാന്നിദ്ധ്യവും അതോടെ പ്രസ്പഷ്ടമായി തെളിയുന്നു.

## ലൂർദ്ദിലെ ത്രിദിനാരാധന

മിശിഹായുടെ കുരിശാരോഹണത്തിന്റെ ൧൯-ാം ശതാബ്ദപൂർത്തിസംബന്ധിച്ചു പരിശുദ്ധ പിതാവു ൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചു പ്രഖ്യാപനം ചെയ്തിരുന്ന ജൂബിലിവത്സരം ലൂർദ്ദിലെ ത്രിദിനാഘോഷത്തോടുകൂടി സംമംഗളം സമാപിച്ചിരിക്കുന്നു. ഏപ്രിൽ ൨൮-ാംതീയതി വ്യാഴാഴ്ച ഉച്ച കഴിഞ്ഞു മൂന്നുമണിയോടുകൂടി പേപ്പൽ പ്രതിനിധി പച്ചെല്ലി കർദ്ദിനാൾ തിരുമനസ്സുകൊണ്ടു ത്രിദിനാഘോഷമഹോത്സവം ഉൽഘാടനം ചെയ്തു. ബൽജിയം കർദ്ദിനാൾ വാൻറോയി ആണ് ത്രിദിനാരാധനയുടെ ആരംഭത്തിലുള്ള പൊന്തിഫിക്കാൾ കുർബ്ബാന ചൊല്ലിയതു. അതിനുശേഷം പച്ചെല്ലി കർദ്ദിനാൾ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാനയുടെ പ്രദക്ഷിണവും വാഴ്വും നടന്നു. രണ്ടാമതായി ദിവ്യപൂജ സമർപ്പിച്ചതു ഈ മഹോത്സവത്തിനു കാരണക്കാരനായ ഫാദർ ജേ. വാട്ടർകെയൻ അവർകളാണ്. ലണ്ടനിലെ ഒരു അപ്രസിദ്ധനായ ഈ വൈദികൻ ഇങ്ങിനെ ഒരു മഹോത്സവം ലൂർദ്ദിൽ നടത്തി വി. വത്സരം പര്യവസാനിപ്പിക്കുന്നതു സർവ്വപ്രകാരേണയും അ

അനുഗ്രഹപ്രദമായിരിക്കുമെന്നു പരേതനായ ബൂൺ കർദ്ദിനാളെ അറിയിക്കുകയും തിരുമനസ്സുകൊണ്ടു തൽസംബന്ധമായി വേണ്ട ആലോചന കഴിച്ചശേഷം പരിശുദ്ധ പിതാവിനെ വിവരമുണർത്തിക്കയുമാണുണ്ടായതു്. ത്രിദിനാരാധനവേളയിൽ അഹോരാത്രം കുർബ്ബാന ചൊല്ലുവാൻ നിയുക്തരായ വൈദികർ, അവരവരുടെ കുർബ്ബാനസമയത്തിനു ൪ മണിക്കൂർമുമ്പുമുതൽ ഉപവാസമനുഷ്ഠിച്ചാൽ മതിയെന്നുള്ള പ്രത്യേകാനുവാദവുമുണ്ടായിരുന്നു.

൩൧-ാംതീയതി വെള്ളിയാഴ്ച ദിവംഗതനായ കർദ്ദിനാൾ ബൂനിനുവേണ്ടി റോസറി ദേവാലയത്തിൽവെച്ചു പ്രത്യേക കുർബ്ബാനയും പ്രാർത്ഥനയും നടത്തുകയുണ്ടായി. ഇതിൽ ഇംഗ്ലണ്ടിൽനിന്നു വന്നിട്ടുള്ള എല്ലാവരും ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ നേതൃത്വത്തിലുള്ള തീർത്ഥകസംഘവും സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞു ആർച്ചുബിഷപ്പു ഗ്രഡിയർ ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു. ലോകത്തിന്റെ ഇന്നത്തെ വിനാശനിലയും ദൈവജനനിയുടെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും ആയിരുന്നു പ്രസംഗവിഷയം. (പ്രസംഗങ്ങൾ അന്യത്ര.)

ഏപ്രിൽ ൨൬-ാംതീയതി ശനിയാഴ്ച കുട്ടികളുടെ ദിനമായിരുന്നു. സർവ്വരാജ്യദിവ്യകാരുണ്യ ക്രൂശുയുദ്ധത്തിന്റെ അംഗങ്ങളും വിവിധരാജ്യവാസികളുമായ മൂവ്വായിരത്തിൽപരം ബാലികാബാലന്മാർ ഈ സുദിനത്തെ എത്രയും ആഘോഷപൂർവ്വവും ഭക്തിപൂർവ്വവും കൊണ്ടാടി. ഇവരിൽ ഭൂരിപക്ഷവും ഫ്രാൻസിൽനിന്നു വന്നിട്ടുള്ളവരാണു്. ഇററലി, ബൽജിയം, സ്പെയിൻ, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലെ പ്രതിനിധികളും ഇതിൽ സംബന്ധിച്ചിരുന്നു. അന്നു രാവിലെ എല്ലാവരും റോസറി ദേവാലയത്തിൽ സന്നിഹിതരായി കുർബ്ബാന കാണുകയും ദിവ്യകാരുണ്യസ്വീകരണം നടത്തുകയും ചെയ്തു. അവിടെനിന്നു ഒരു ഘോഷയാത്രയായി ദൈവമാതൃഗീതങ്ങളും പാടി അവർ ഗ്രോട്ടോയിൽ പ്രവേശിച്ചു. ഉച്ചക്കുമുമ്പായി കുട്ടികൾക്കായുള്ള പ്രത്യേക കു

ബ്ബാന കർദ്ദിനാൾ ബന്നാറദ് ചൊല്ലി. കുർബ്ബാനയ്ക്കു സഹായിച്ചതും പാടിയതും എല്ലാം കുട്ടികൾതന്നെയായിരുന്നു. ദിവ്യപൂജാനന്തരം ദിവ്യകാരുണ്യപ്രദക്ഷിണം നടന്നു. ഇംഗ്ലീഷു മെത്രാപ്പോലീത്താ ഡോക്ടർ മോസ്റ്റിൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയ ഈ പ്രദക്ഷിണത്തോടുകൂടി കുട്ടികളുടെ ദിനം അവസാനിച്ചു.

ഏപ്രിൽ ൨൮-ാംതീയതി പുതുഞായറാഴ്ച ൯-മണിക്കു ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഗ്രോട്ടോയിൽ ദിവ്യപൂജ അർപ്പിച്ചു. കുർബ്ബാനയ്ക്കു സഹായിച്ചിരുന്നതു് ബ. പുരക്കലച്ചനും, ഒരു സിറിയാക്കാരനും, ഒരു ശെമ്മാശ്ശനുംകൂടിയാണ്. സിറിയായിലെ മതപീഡനകാലത്തു അവിടെനിന്നു ഒളിച്ചോടുകയും ഇപ്പോൾ ഫ്രാൻസിൽ താമസിക്കുകയും ചെയ്യുന്ന ദേഹമാണ് ഈ സിറിയാക്കാരൻ. കുർബ്ബാനസമയത്തു ഫാദർ ടെല്ലിയർ പ്രസംഗപീഠത്തിൽ കയറി ഇന്ത്യൻ തീർത്ഥയാത്രക്കാർക്കുവേണ്ടിയുള്ള ജൂബിലി പ്രാർത്ഥന നടത്തി. അനന്തരം കൽദായ സുറിയാനി റീത്തിലുള്ള മെത്രാനച്ചൻ തിരുമനസ്സിലെ കുർബ്ബാനയെപ്പററി അവിടെ കൂടിയിരുന്നവരെ പറഞ്ഞു മനസ്സിലാക്കുകയും മെത്രാനച്ചനെ എല്ലാവർക്കും പരിചയപ്പെടുത്തുകയും ചെയ്തു. ഒരു മണിക്കു ഫാദർ ടെല്ലിയർ അവർകളുടെ കുർബ്ബാനയും ജൂബിലി പ്രാർത്ഥനയും ഗ്രോട്ടോയിൽ നടന്നു. ഇതിൽ ഇന്ത്യൻ തീർത്ഥകസംഘം സംബന്ധിച്ചു. ത്രിദിനാരാധനയുടെ അവസാനദിനമാകയാൽ തുടർന്നുള്ള കുർബ്ബാന മാർപ്പാപ്പായുടെ പ്രതിനിധിയാണ് സമർപ്പിച്ചതു്. ഇതിൽ ഭാഗഭാക്കുകളാകുന്നതിനായി ൧൨൦൦൦ ജനങ്ങൾ മാത്രം അധിവസിക്കുന്ന ലൂർദ്ദിൽ ൨൪ ലക്ഷം തീർത്ഥകർ സമ്മേളിച്ചിരുന്നു. കർദ്ദിനാളന്മാർ, മെത്രാപ്പോലീത്താന്മാർ മെത്രാന്മാർ ആദിയായവർ അവരവരുടെ സ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു. ഏറെത്താമസിയാതെ ഏററവും ആഘോഷപൂർവ്വം പേപ്പൽ പ്രതിനിധിയും ഗ്രോട്ടോയിൽ എത്തി. കൃത്യം മൂന്നു മണിക്കു ലിഗെയിററിന്റെ കുർബ്ബാന ആരംഭിച്ചു. ൮൦ പേർ അടങ്ങിയ ഒരു ഗായകസംഘം ഗീതങ്ങൾ പാടിക്കൊണ്ടിരുന്നു. കു

ബ്ബാനസമയത്തു ഒരു വിമാനം പള്ളിയുടെ മുകളിൽ പറന്നുകൊണ്ടിരുന്നു. പേപ്പൽ പ്രതിനിധിയുടെ കുബ്ബാന നാലരമണിക്കു അവസാനിച്ചു. അനന്തരം അംശവസ്ത്രങ്ങളോടുകൂടി ലിഗെയിററ് അൾത്താരിയ്ക്കടുത്തുള്ള സിംഹാസനത്തിൽ ഇരുന്നു. സർവ്വത്ര നിശബ്ദത വ്യാപിച്ചു. രണ്ടു മിനിററു കഴിഞ്ഞപ്പോൾ "മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു സംസാരിക്കുന്നതാണു്" എന്നൊരു സ്വരം കേൾക്കാറായി. ഉടനെ കർദ്ദിനാളന്മാർതുടങ്ങി എല്ലാവരും ആദരപൂർവ്വം എഴുന്നേററു നിന്നു. കർദ്ദിനാൾ പച്ചെല്ലിയും അഞ്ജലിബദ്ധനായി എഴുന്നേററു നിന്നു. ഉത്തരക്ഷണത്തിൽ ക്രിസ്തുവികാരിയുടെ സന്ദേശം ഇങ്ങിനെ കേട്ടുതുടങ്ങി:

"ഒരിക്കൽകൂടി നമ്മുടെ അമ്മയുടെനേക്കു നമ്മുടെ നേത്രങ്ങളെ ഉയത്താം.

"സമാധാനത്തിൻെറ രാജ്ഞിയായ അമലോത്ഭവ കന്യകെ ഞങ്ങളുടെമേൽ ദയവായിരിക്കേണമെ. സമാധാനത്തിൻെറ രാജ്ഞിയെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. സമാധാനത്തിൻെറ രാജ്ഞിയായ അമലോത്ഭവ കന്യകെ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥാപേക്ഷ നടത്തേണമെ.

"കുരിശാകുന്ന അൽത്താരയിൽ മനുഷ്യവർഗ്ഗത്തിൻെറ ഉദ്ധാരണം തൻെറ ഓമന സുതൻ സാധിച്ച അവസരത്തിൽ കുരിശിൻ ചുവട്ടിൽ നിന്നിരുന്ന അനുഗ്രഹത്തിൻെറയും ദയയുടെയും മാതാവേ, ഞങ്ങളുടെ സകല ദുഃഖാനത്ഥങ്ങളിലും പങ്കുകൊള്ളുന്നവളും ലോകോദ്ധാരണത്തിൽ സഹകരിച്ചവളും ആയ മാതാവേ, അങ്ങു് പരിപാവനമായ ഈ ഗ്രോട്ടോയിൽനിന്നുകൊണ്ടു കത്തോലിക്ക ലോകത്തിലുള്ള സകല മെത്രാന്മാരേയും, വൈദികരേയും അനുഗ്രഹിച്ചു അവക്കു സകല നന്മകളും പ്രദാനംചെയ്യുവാൻ കാരുണ്യം ഉള്ളവളും അങ്ങെ ദശനസ്മരണയെ നന്ദിപൂർവ്വം കൊണ്ടാടുന്നതിനുവേണ്ടി ക്രൂശിലെ ദിവ്യബലിയെ ഈ പരിശുദ്ധമായ ത്രദിനാരാധനാദ്വാരാ പുനർജ്ജീവിപ്പിക്കുവാനും ലോകോദ്ധാരണത്തിൻെറ ഈ വിശുദ്ധവത്സര പര്യവസാനത്തിൽ ദൈവത്തിനു കൃതജ്ഞത പറയുന്നതിനും ഇടയാക്കിയ

വളുമായ മാതാവേ, നരരക്ഷണത്തിൻെറ മഹനീയ ഫലങ്ങൾ ഞങ്ങളിൽ സാദ്ധിക്കുവാനും അവ വളൻ ഞങ്ങളിൽ ദൃഢമൂലമാകുവാനും അനുഗ്രഹിക്കേണമെ.

"അങ്ങ് സർവ്വരുടെയും മാതാവായിരിക്കുന്നതുകൊണ്ട്, സന്മാർഗ്ഗത്തിൻെറ പരിശുദ്ധതയിലും, ക്രിസ്തീയാരൂപിയുടെ ഐക്യത്തിലും ആത്മാക്കളുടെ ഏകീകരണത്തിലും ഇനിയുള്ള കാലം ലോകസമാധാനത്തെ പുനഃസ്ഥാപിച്ചശേഷം സ്വർഗ്ഗീയസമാധാനത്തെ ആസ്വദിക്കുന്നതിനുള്ള മനോഗുണം ഞങ്ങൾക്കു തരുവിക്കേണമെ. ആമ്മേൻ."

വളരെ ഉച്ചത്തിലും ഭക്തിസംവൎദ്ധകമായ രീതിയിലുമുള്ള ഈ പ്രാൎത്ഥന എല്ലാവരും കേട്ടു. പ്രാൎത്ഥനകഴിഞ്ഞു മാർപ്പാപ്പാ എല്ലാവരേയും ആശീർവ്വദിച്ചു. അപ്പോൾ കർദ്ദിനാളന്മാർമുതൽ എല്ലാവരും മുട്ടുകുത്തി കൈകൂപ്പി ആശീർവ്വാദം സ്വീകരിച്ചു. മാർപ്പാപ്പായുടെ റേഡിയോസന്ദേശം ലത്തീനിൽ ആയിരുന്നു. അനന്തരം ലൂർദ്ദിലെ മെത്രാൻ പീഠത്തിൽ കയറി എല്ലാവൎക്കും കൃതജ്ഞത പറഞ്ഞു. പിന്നീടു പച്ചെല്ലികർദ്ദിനാൾ ഫ്രെഞ്ചുഭാഷയിൽ ൩൦ മിനിട്ടുനേരം ഉപസംഹാരപ്രസംഗം ചെയ്തു. അതുകഴിഞ്ഞു എല്ലാവരും തിരി കത്തിച്ചുപിടിച്ചു ദൈവമാതൃഗീതം പാടിക്കൊണ്ടു ഒരു പ്രദക്ഷിണം നടത്തി. അതിനെത്തുടൎന്നു ഒരു ദീപക്കാഴ്ചയും വിരുന്നുസല്ക്കാരവും നടത്തപ്പെട്ടു. ലൂർദ്ദിലെ ആഘോഷംപ്രമാണിച്ച് പച്ചെല്ലികർദ്ദിനാൾ എല്ലാ വൈദിക മേലദ്ധ്യക്ഷന്മാൎക്കും മെഡൽ സമ്മാനിച്ചു. ഇങ്ങിനെ ലൂർദ്ദിലെ ത്രിദിനാഘോഷം ഏററവും വിജയപൂർവ്വം എട്ടുമണിക്കു അവസാനിച്ചു.

ഉടനെതന്നെ പേപ്പൽ പ്രതിനിധി സ്ഥലംവിട്ടു. ഫ്രെഞ്ചുഗവൎമ്മെണ്ടു പച്ചെലികർദ്ദിനാളെ ഏററവും രാജോചിതമായ വിധം ആദരിച്ചുപചരിച്ചു എന്നുള്ളതും വിശിഷ്യ സ്മരണീയമാണ്. ആഘോഷദിവസങ്ങളിൽ മഴ അശേഷമില്ലായിരുന്നു. അവിടെ ആകപ്പാടെ ൧൫ പോലീസുകാരെ ഉണ്ടായിരുന്നുള്ളുവെങ്കിലും പറയത്തക്ക യാതൊരു അപകടങ്ങളും ഉണ്ടായില്ല. ഇന്ത്യൻ തീൎത്ഥകസംഘത്തോടു എല്ലാവരും വളരെ ആദരപൂൎവ്വം പെരു

മാറിയെന്നുള്ളതും മറക്കാതെക്കതല്ല. ഇതു സംബന്ധിച്ച് സ്പെയിനിൽനിന്നുതന്നെ ൪൦൦൦ തീർത്ഥയാത്രക്കാർ എത്തിയിരുന്നു. ൪ കർദ്ദിനാളന്മാരുടേയും ൫൨൦-ൽ പരം മെത്രാപ്പോലീത്താന്മാർ, മെത്രാന്മാർ എന്നിവരുടേയും ൬൦൦൦-ത്തിൽപരം വൈദികരുടേയും ൨ൽ ലക്ഷം വിശ്വാസികളുടെയും സാന്നിദ്ധ്യം ഇടവിടാതെ അവിടെയുണ്ടായിരുന്നുവെന്നു ചുരുക്കിപറയാനേ നിവൃത്തിയുള്ളു. തീർത്ഥകരുടെക്കൂട്ടത്തിൽ ആസ്ത്രീയായിലെ ആർച്ചുഡ്യൂക്ക് ഓട്ടോ (അവിടത്തെ രാജസ്ഥാനത്തിനു അവകാശി ഇദ്ദേഹമാണ്), ഡി ഓർലിൻസ് ബ്രാഗാൻസാ രാജകുമാരൻ, സാക്സിമെയിനിൻജൻ രാജകുമാരനും, പത്നിയും, ഇററലിയിലെ ജോസഫീനാരാജകുമാരി മുതലായവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണു. വി. ബർണ്ണദീത്തായുടെ ഒരു കുന്നചാച്ചക്കാരനും, സുഹൃത്തും, ലൂർദ്ദിൽ മാതാവു പ്രത്യക്ഷപ്പെട്ടപ്പോൾ ആ വിശുദ്ധയോടുകൂടെ അവിടെയുണ്ടായിരുന്ന ആളുമായ മി. ജീൻ സുബീരസ് എന്നു ൯൦ വയസ്സായ ഒരു വൃദ്ധനും അവിടെ സന്നിഹിതനായിരുന്നു.

കുറെനാളുകൾക്കു മുമ്പ് സമാധാനചിഹ്നമായി വെള്ളിയിൽനിർമ്മിതമായ ഒരു ഒലിവ്വൃക്ഷശാഖ ഏതാനും ഇററാലിയൻകുട്ടികൾ പ. പിതാവിനു സമർപ്പിക്കയുണ്ടായി. ഈ സമ്മാനം ലൂർദ്ദ്നാഥയ്ക്കുള്ളതാണ് എന്നുപറഞ്ഞു മാർപ്പാപ്പാ അതു പച്ചെല്ലി കർദ്ദിനാൾവഴി ലൂർദ്ദിലേക്കു കൊടുത്തയക്കുകയുണ്ടായി. ത്രിദിനാരാധനാമഹോത്സവത്തിന്റെ രണ്ടാംദിവസം നടന്ന കുട്ടികളുടെ ദിനാഘോഷാവസരത്തിൽ വിവിധരാജ്യവാസികളായ ഏതാനും ചെറുബാലികമാർ ഒന്നുചേർന്നു ഈ ഒലിവ്വൃക്ഷശാഖ പേപ്പൽ പ്രതിനിധിയുടെ മുമ്പിൽകൊണ്ടുചെന്നു അവിടുത്തെ ആശീർവ്വാദം വാങ്ങിയശേഷം ഗ്രോട്ടോയിലുള്ള ദിവ്യജനനിയുടെ പാദാന്തികത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ സമ്മാനം ത്രിദിനാരാധനയുടെ ഒരു ശാശ്വതസ്മാരകമായി ലൂർദ്ദിലെ ഗ്രോട്ടോയിൽ സ്ഥിതിചെയ്യുന്നതാണ്.

# വിനയം.

ശ്രീമാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി.

1. ഉള്ളിൽക്കടുംമദമിയന്നവിവേകിയായി-
ത്തുള്ളിക്കുഴഞ്ഞ‘ഹ’മിദം നിനവെത്ര കഷ്ടം!
തള്ളിക്കളഞ്ഞവ, മനസ്സതിൽ നിന്നുമങ്ങു-
കൊള്ളിക്കണം ‘വിനയ’മെന്ന വിശിഷ്ട പുണ്യം.

2. തന്നിൽക്കവിഞ്ഞൊരറിവും, നിലയുംവഹിപ്പോർ-
മന്നിൽപ്പലസ്ഥലമതിൽപ്പരിലാലസിപ്പൂ!
എന്നിങ്ങുനിത്യമകതാരിൽ നിനച്ചുനന്നായ്-
ത്തന്നിഷ്ടഹീനമമരേണ്ടതു ധർമ്മകൃത്യം.

3. ജ്ഞാനം നരന്റെ ഹൃദയത്തിലുദിച്ചിടുമ്പോൾ
മാനംപെടും സുവിനയം പരമങ്കുരിക്കും.
വാനത്തിലങ്ങിനനുദിച്ചിടുമായനേരം
നൂനം പെടാതിരുളൊഴിഞ്ഞു ഗമിപ്പതില്ലേ!

4 ചേലുററ നിസ്തുല വിവേകവെളിച്ചമില്ലാ-
ഞ്ഞാലുള്ള ദോഷമതിനില്ലതിരിങ്ങു, കഷ്ടം!!
മാലുള്ളിലേകുമിരുളിൽ തെളിയുന്നദീപ-
ത്താലുത്സുകത്തൊടു വിപത്തുജയിച്ചു വാഴാം.

5. അല്പജ്ഞരോ,-വിനയമെന്നതിലൊട്ടുമോശം-
കല്പിച്ചപോലനുസരിക്കുകയെന്നതില്ല.
കല്പിച്ചിടുന്നിവർ പിടിച്ച ശശത്തിനുണ്ടു-
കെല്പിന്നുയർന്നിരു വിഷാണമതെന്നു നൂനം.

6 ആശ്വാസമാർഗ്ഗമരുളും മഹനീയദൈവ-
വിശ്വാസമാണ് വിനയത്തിനിരിപ്പിടം, കേൾ!
വിശ്വാധിരാജപരഭക്തി വെടിഞ്ഞു, സത്യ-
വിശ്വാസഹീനമമരുന്നതു മൗഢ്യമത്രേ!

7. മാനിച്ചിടുന്നിഹ, വിനീതരെ, ലോകമേററം;-
മേനിക്കുമാഭരണമീ വിനയം വിശേഷം;
വാനിന്നധീശ്വരനമിപ്പരിശുദ്ധ പുണ്യം-
താനിഷ്ടമെന്നിവിടെ മാതൃക നൽകിയില്ലേ!

8. ചേലിൽ, ത്രിലോകവരനായക ദൈവപുത്രൻ-
കാലിത്തൊഴുത്തിൽ നരനായവതീർണ്ണനായി:
പാലിച്ചിടും നിഖിലകാരണ സർവ്വശക്ത-
നാലിങ്ങമൂല്യമണിമേട ലഭിക്കയില്ലേ?

9. ദൈവത്തിനെന്തുകഴിവില്ലിഹ!;-പാർത്തുകണ്ടാ-
ലേവക്കുമായരുളി മാതൃക താനിഹത്തിൽ;
ഏവം പ്രവൃത്തിപലതും പരനാചരിച്ചു-
കൈവന്നിടാൻ വിനയമീ മനുജക്കു നന്നായ്.

10. "നൂനം, സദാ കിഴിവിലാപ്പെട്ടമത്ര, തന്നെ-
ത്താനങ്ങുയർത്തിടുമവൻ: പരമോർത്തുകണ്ടാൽ,
മാനംനിറഞ്ഞിടുമുയർച്ചവരുന്നു, തന്നെ-
ത്താനങ്ങു താഴ്ത്തുമവനെ"ന്നിതു ദൈവവാക്യം.

ത്രേസ്യാന്യൂമാൻെറ

## ഇപ്പോഴത്തെസ്ഥിതി.

കോന്നർസ്റുത്തിലെ അത്ഭുത കന്യകയായ ത്രേസ്യാ ന്യൂമാൻ കുറേക്കാലമായി സ്വിററ്സർലണ്ടിൽ താമസിക്കുകയായിരുന്നു. ഇപ്പോൾ അവർവീണ്ടും കോന്നൻസ്റുത്തിലേയ്ക്കു മടങ്ങിയിരിക്കുന്നു. അവരിൽ അനുഭവപ്പെട്ടിരുന്ന പ്രകൃത്യതീത സംഭവങ്ങൾ ഇന്നും തുടൎന്നുകൊണ്ടിരിക്കുകയാണ്. വെള്ളിയാഴ്ചതോറും ക്രിസ്തുവിൻെറ പീഡാനുഭവം അവർ അനുഭവിക്കുന്നു. അതോടെ അവരുടെ തൂക്കത്തിൽ 4 റാത്തൽ കുറവു സംഭവിക്കുന്നുണ്ട്. എ

ന്നാൽ ആ കുറവു യാതൊരു ആഹാരവും കഴിക്കാതെതന്നെ അടുത്ത ഞായറാഴ്ച പരിഹരിക്കപ്പെടുകയും ചെയ്യുന്നു. അവൾ ഗൃഹജോലികളിൽ ഏർപ്പെടുകയും, പൂന്തോട്ടം നട്ടുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. പുറത്തുനിന്നു വരുന്ന സന്ദർശകന്മാർ സ്ഥലത്തെ മെത്രാൻെറ അനുമതിയോടുകൂടി മാത്രമേ അവളെ സന്ദർശിക്കാവൂ എന്നു മെത്രാൻ ഒരു ഉത്തരവിട്ടിരിക്കുന്നു. ഇതിനേപ്പററി ത്രേസ്യാ ന്യൂമാൻ അദ്ദേഹത്തോടു നന്ദി പറയുകയാണുണ്ടായത്. ത്രേസ്യാ ന്യൂമാൻ ജർമ്മനിയിലെ ഭരണാദ്ധ്യക്ഷനായ ഹിററ്ലറിൻെറ മരണത്തേയും നാസിപ്രസ്ഥാനത്തിൻെറ പരാജയത്തേയും പററി എന്തോ ചില പ്രവചനങ്ങൾ ചെയ്തുവെന്നുപറഞ്ഞു ജർമ്മൻ പൊല്ലീസുകാർ ഇതിനകം അവരെ സ്വല്പം അലട്ടുകയുണ്ടായി എന്നുള്ളതും സ്മരണീയമാണ്.

## ലൂർദ്ദിൽ നടന്ന പ്രസംഗങ്ങൾ.

(ഗ്രഡ്ഡിയർ മെത്രാപ്പോലീത്താ ചെയ്ത പ്രസംഗം.)

"നാം അറിയുന്നതുപോലെ ലോകം ഇന്നു വലിയ ആപത്തിലകപ്പെട്ടിരിക്കുന്നു. ഇതൊക്കെ എന്താണെന്നു ആക്കും അറിഞ്ഞുകൂടെങ്കിലും എല്ലാവക്കും അതനുഭവമായിരിക്കുന്നു. യുദ്ധം, വർഗ്ഗീയകലഹം, കമ്മ്യൂണിസം മുതലായവ - നാഗരികതയെ നശിപ്പിക്കുമെന്നു ഭയപ്പെടുത്തുന്ന സംഗതികൾ - കൊണ്ടുള്ള ആപത്തിനേപ്പററി നാം ഇന്നു വളരെ പറഞ്ഞുകേൾക്കുന്നുണ്ട്.... ലോകത്തിലെ ഒരു വിഭാഗം പൂർണ്ണമായി ദൈവത്തിന് എതിരായിരിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിൽതന്നെ പലക്കും ദൈവത്തിൻെറ പേരുപോലും നിരത്ഥകമായിട്ടാണ് തോന്നുന്നത്.

"ഇതിൽനിന്നു ഒരു സംഗതി സിദ്ധിക്കുന്നുണ്ട്. ദൈവത്തിൽ അവിശ്വസിക്കുക; എന്നാൽ നിങ്ങൾ മനുഷ്യനെയും അവിശ്വസിക്കുന്നതായി ഉടൻ മനസ്സിലാക്കും. ഇതാണ് ഇന്നത്തെ വിഷമത്തിനു കാരണമായ രഹസ്യം. മനുഷ്യർ ദൈവത്തെ അ

വിശ്വസിക്കുന്നു. അതിനാൽ അവർ പരസ്പരം അവിശ്വസിക്കുന്നു. ദൈവത്തിലുള്ള വിശ്വാസത്തെ അവർ ഉപേക്ഷിച്ചിരിക്കുന്നു; അതുകൊണ്ടു അവർ പരസ്പരം വിശ്വസിക്കാതിരിക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തെ അവർ പരിത്യജിച്ചിരിക്കുന്നു. അതുകൊണ്ടു പരസ്പരമുള്ള സ്നേഹത്തെയും അവർ പരിത്യജിച്ചിരിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുന്നവർ മനുഷ്യരിലും വിശ്വസിക്കും. ദൈവത്തെ സ്നേഹിക്കുന്നവൻ മനുഷ്യരെയും സ്നേഹിക്കും. ദൈവം വിശ്വസ്തനാണെന്നു സമ്മതിക്കുന്നവർ മനുഷ്യരുടെ വിശ്വസ്തതയിലും സമ്മതിക്കും.

"ഇതാണ് നമ്മുടെ ദൈവമാതാവു നമ്മെ പഠിപ്പിക്കുന്നതു്. ഇതു പഠിക്കുവാനാണ് പരിശുദ്ധ പിതാവു് നമ്മെ ഇവിടെ ആനയിച്ചിരിക്കുന്നതു്;- നമുക്കു പരസ്പരം വിശ്വാസവും, സ്നേഹവും ഉണ്ടാകേണ്ടതിനുവേണ്ടി, നമുക്കു തന്നെയും ലോകത്തിനും ദൈവത്തിലുള്ള വിശ്വാസവും സ്നേഹവും തിരിച്ചു നൽകുന്നതിനാണ് ഇവിടെ ആനയിച്ചിരിക്കുന്നതു്. ഗ്രേറ്റ്ബ്രിട്ടനിലും അയർലണ്ടിലും പെട്ടവരായ നമുക്കു ഈ ത്രിദിനാരാധനയെ സംബന്ധിച്ചു പ്രത്യേകമായ പ്രാധാന്യമുണ്ടു്. ഈ ത്രിദിനാരാധനയുടെ ആരംഭം ലണ്ടനിലാണ്.

"സ്ത്രീകളും പുരുഷന്മാരും അത്യധികം പ്രയത്നിക്കുകയും, വിശ്വാസത്തിനുവേണ്ടി അത്യധികം ത്യാഗങ്ങളനുഷ്ഠിക്കുകയും, അത്യധികംപേർ തങ്ങളുടെ ജീവനെ, പ്രത്യേകിച്ചു വിശുദ്ധ കുർബ്ബാനയ്ക്കുവേണ്ടി ബലികഴിക്കുകയും ചെയ്തിട്ടുള്ള സ്ഥലം ലോകത്തിൽ വേറെ എവിടെയുണ്ടെന്നു ഞാൻ ചോദിക്കുന്നു. ഈ അത്ഭുതകരമായ ദാനം ദൈവം നമുക്കു തിരിച്ചുതന്നതിലും, വിശുദ്ധ കുർബാനയോടും ക്രൂദാശകളോടുമുള്ള ഒരു തീക്ഷ്ണമായ ഭക്തിയാൽ നമ്മുടെ ആളുകളുടെ ഹൃദയങ്ങളെ പൂരിപ്പിച്ചതിലും ഞാൻ തെല്ലും ആശ്ചര്യപ്പെടുന്നില്ല. ഇംഗ്ലണ്ടിലെയും അയർലണ്ടിലെയും കത്തോലിക്കരുടെ ശക്തിമത്തായ സ്വഭാവവിശേഷം മാതാവിനോടുള്ള ഭക്തിയാകുന്നു. 'ഈ ത്രിദിനാരാധനയെല്ലാം, ഇംഗ്ലണ്ടിൽനിന്നു നിങ്ങൾ കൊണ്ടുവന്നതിനോടാ

ണു ഞങ്ങൾ കടപ്പെട്ടിരിക്കുന്നതെന്നുള്ളതു ഞങ്ങൾക്കു മറക്കത്തക്കതല്ല' എന്നാണു പേപ്പൽ പ്രതിനിധി എന്നോടു പറഞ്ഞത്.

"ഇതു പൂൎണ്ണമായി അത്ഭുതാവഹമായ ഒന്നാകുന്നു. സഭാചരിത്രത്തിൽ ഇതിനു മുൻപൊരിക്കലും ഇതുപോലെയുള്ള ഒന്നുണ്ടായിട്ടില്ല. ഇതിനെ ആരംഭിക്കുവാൻ സാധിച്ചതിൽ നാം ദൈവത്തോടു കൃതജ്ഞതയുള്ളവരായിരിക്കുന്നു. നമ്മുടെ ഇവിടത്തെ സാന്നിദ്ധ്യത്തോടുകൂടി അതു് ഇവിടെ അവസാനിപ്പിക്കരുതു്. ഒരു പ്രേഷിതവേലയ്ക്കാണു് നാം ഇവിടെ വന്നിരിക്കുന്നതു്. നാം ഈ ചെയ്തതുകൊണ്ടു ലോകം കൂടുതൽ നന്നാകുന്നതിനുവേണ്ടിയാണു് നാം ഇവിടെ വന്നിരിക്കുന്നതു്."

പേപ്പൽപ്രതിനിധി ചെയ്ത പ്രസംഗം.

"പാപത്തെപ്പററിയുള്ള സൎവ്വപ്രധാനമായ സിദ്ധാന്തത്തെ നിഷേധിക്കുകയും, പരിത്രാണനത്തെപ്പററിയുള്ള ആശയംപോലും മനുഷ്യമഹത്വത്തിനു അപകൎഷമാണെന്നു പറഞ്ഞു തള്ളിക്കളയുകയും ചെയ്യുന്നവർ കുരിശിനോടുള്ള അവരുടെ പരാങ്മുഖത്വം അതിന്റെ പാരമ്യത്തിലെത്തിച്ചിരിക്കുന്നുവെന്നുള്ളതാണു് സങ്കടകരമായിട്ടുള്ളതു്. തങ്ങൾ ഒരു പുതിയ വിജ്ഞാനം കണ്ടുപിടിച്ചിരിക്കുന്നുവെന്നു അവർ വിചാരിക്കുന്നു; എന്നാൽ വാസ്തവത്തിൽ ഈ വഞ്ചിതന്മാർ നവീനമായ ആഹാൎയ്യശോഭയിൽ പഴയ അബദ്ധങ്ങളെ പൊതിയുന്ന ശോച്യരായ വാക്‌ചോരന്മാർ മാത്രമാകുന്നു.

"സാമുദായിക വിപ്ലവം എന്ന കൊടിക്കു ചുററും അവർ സ്വയം ഒരുമിച്ചുകൂടുന്നുവെന്നതു കാൎയ്യമായ ഒന്നല്ല. ലോകത്തെയും ജീവിതത്തെയും പററിയുള്ള ഒരു മിഥ്യാബോധത്താൽ അവർ നിവേശിതരായിരിക്കുന്നു. വൎഗ്ഗത്തെയോ രക്തത്തെയോ സംബന്ധിച്ചുള്ള അന്ധവിശ്വാസത്താൽ അവർ ആവേശിതരായിരിക്കുന്നു.

ക്രിസ്തീയവിശ്വാസത്തിന്റെ തത്വങ്ങൾക്കു സാരമായി എതിരായിരിക്കുന്ന തത്വങ്ങളിലാണു് അവരുടെ തത്വജ്ഞാനം പ

ടുത്തിരിക്കുന്നതു്. ഇങ്ങനെയുള്ള തത്വങ്ങളോടു്, എന്തു നഷ്ടം വരുമെന്നിരുന്നാലും ഐക്യപ്പെടുന്നതിനു സഭ സമ്മതിക്കുന്നതല്ല.

"ദൈവിക നിയമത്താൽ നിരോധിച്ചിട്ടുള്ളതിനെ സമ്മതിക്കുന്ന അല്പമായ ഒരു ലക്ഷ്യമെങ്കിലും കാണിക്കുന്നതിനേക്കാൾ എത്രയും വേഗം കാൽവരിയിലെ രക്തച്ചൊരിച്ചിലിൽ അവിടത്തോടുകൂടി ഓരായിരം പ്രാവശ്യം ഭാഗഭാക്കാകുന്നതിനു മിശിഹായുടെ മണവാട്ടിയായ സഭ സന്നദ്ധയായിരിക്കുന്നു. ഭൂഗർഭാലയങ്ങളിലെ സഭ, വേദസാക്ഷികളുടെ സഭ, രക്തസാക്ഷികളുടെ സഭ, മാർപ്പാപ്പാമാരുടെയും പ്രഗത്ഭ്യമതികളും വീരന്മാരുമായ മെത്രാന്മാരുടെയും സഭ, എന്നിവ ഭൂതകാലങ്ങളിലുണ്ടായിരുന്നവമാത്രമല്ല, ഇന്നും സജീവമായി സ്ഥിതിചെയ്യുന്ന വസ്തുതകളാകുന്നു.

"അവയെ സന്നിഹിതമാക്കുന്നതിനു കാലസ്ഥിതികൾമാത്രം മതിയായിരിക്കുന്നു. കാലസ്ഥിതി ആവശ്യപ്പെടുമ്പോൾ മുഖസ്തുതികൊണ്ടു വശീകരിക്കുകയൊ പീഡനങ്ങൾകൊണ്ടു ഭയപ്പെടുത്തുകയൊ ചെയ്യുവാൻ സാധിക്കാത്ത എത്രയും ഊർജ്ജസ്വലവും, എത്രയും ശക്തവും എത്രയും നിരന്തരോധകവുമായ ഒരു സഭയെ ദൈവത്തിൻെറ സ്വരം വിളിച്ചുവരുത്തി സന്നിഹിതമാക്കും."

# നിങ്ങളുടെ കുടുംബം.

(റവ. ഫാദർ സെറാഫിൻ ബെനഡിക്ററ്.)

## IV.

### തർക്കത്തിനിടയാക്കാത്തുള്ള വിശ്വാസപ്രഖ്യാപനം.

ശരിയായ മൂലതത്വങ്ങളെക്കുറിച്ചു സംസാരിപ്പാനുള്ള ധൈര്യവും ജ്ഞാനവും നിങ്ങൾക്കുണ്ടോ? വിവാഹത്തിൻെറ പരിശുദ്ധതയേയും, ശിശുശിക്ഷണത്തേയും, മാതാപിതാക്കന്മാരുടെ സ്ഥാനമാഹാത്മ്യത്തേയും, ശുദ്ധമായ ഗ്രന്ഥപാരായണ

ത്തേയും, ശുദ്ധമായ ഉല്ലാസത്തേയും സംബന്ധിച്ച് (ഇവയാണല്ലൊ ഇന്നു വിധിക്കും വിവാദത്തിന്നും അനുക്ഷണം വിഷയീഭവിച്ചുകൊണ്ടിരിക്കുന്നതു്) ശരിയായ ജ്ഞാനം പ്രദാനം ചെയ്യുവാൻ നിങ്ങൾക്കു സാധിക്കുമോ? നിങ്ങൾ സംസാരിക്കുകയോ പ്രവൎത്തിക്കുകയോ ചെയ്യുന്നതിന്നനുഗുണമായിട്ടാണ് നന്മയ്ക്കോ തിന്മയ്ക്കോ കാരണമാകയോ, മററുള്ളവരുടെ മനസ്സിനെ ആകൎഷിക്കയോ, നമ്മുടെ സാമുദായികമോ വ്യക്തിപരമോ ആയ ജീവിതത്തെ അഭിവൃദ്ധമാക്കയോ ക്ഷയോന്മുഖമാക്കയോ ചെയ്യുന്നതെന്നു നിങ്ങൾക്കു പ്രജ്ഞയുണ്ടോ? ഒച്ചപ്പാടുകൂടാതുള്ള വ്യക്തിപരമായ ഓരോ സമ്മതവും, പുരുഷപരമായ ഓരോ അംഗീകാരവചനവും മററൊരു മനുഷ്യവ്യക്തിയെ ധാൎമ്മികമാംവണ്ണം രൂപവൽക്കരിക്കാനോ അല്ലാതിരിക്കാനോ സഹായിക്കാൻ സാധിക്കും. വ്യക്തിപരമായ ഇത്തരം പ്രവൎത്തനത്തിൻെറ പ്രാമുഖ്യം ഒരിക്കലും വിസ്മരിക്കാവതല്ല. എങ്കിലും 'ഞങ്ങൾ തിന്മയൊന്നും പ്രവൎത്തിച്ചിട്ടില്ലല്ലോ; ആ സ്ഥിതിക്കു ഞങ്ങൾ ഞങ്ങളുടെ കടമ നിൎവ്വഹിച്ചിട്ടുണ്ട്' എന്നു ഭാവിക്കുന്നവർ പലരില്ലയോ എന്നു ഞാൻ സംശയിക്കുന്നു. നമുക്കു പ്രമാണാനുഷ്ഠാനത്തിനും പുറമെ ധാരാളം പുണ്യം ചെയ്വാനുള്ള സാധകശക്തിയുണ്ടെന്നുള്ള കാൎയ്യം നാം വിസ്മരിച്ചുകളയുന്നു. എന്നാൽ ഭീരുതചമോ നമ്മുടെ ചുററുമുള്ള ദുൎബ്ബലമനുഷ്യരുമായുള്ള സമ്പൎക്കമോ നിമിത്തമുണ്ടാകാറുള്ള ഈ വിസ്മൃതികൊണ്ടു നാം വലിയ ഒരു തെററിലാണ് അകപ്പെടുന്നതു്. അതു നമുക്കു ഒരിക്കലും അങ്ങിനെ വിട്ടുകളയാൻ പാടുള്ളതല്ല. മററുള്ളവർ ചെയ്യട്ടെ എന്നു വിചാരിക്കാവതല്ല. നാം, നമ്മുടെ സമുദായം പാസ്സാക്കിയ പ്രമേയങ്ങളിൽ സംതൃപ്തിയടഞ്ഞു കൈയും കെട്ടിയിരിക്കുന്നതു നന്നല്ല. ആ പ്രമേയങ്ങളെ പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരുവാൻ നാം ഓരോരുത്തരും ശ്രമിക്കണം. ഇങ്ങനെ ഓരോ വ്യക്തിയുടെയും യത്നങ്ങൾ ഒന്നിച്ചുകൂടുമ്പോഴാണ് സമുദായം സാക്ഷാൽ ഒരു വലിയ ശക്തിയായിത്തീരുന്നതു്. ആകയാൽ ഓരൊ വ്യക്തിയുടെയും സ്ഥിതിയെന്തോ അതുതന്നെയായിരി

ക്കം സംയുക്തവ്യക്തികളുടെ അഥവാ സമുദായത്തിന്റെയും സ്ഥിതി.

V. ക്രിസ്തീയ കുടുംബത്തിന്റെ അവശ്യാവശ്യകത.

സംയുക്തപ്രവൎത്തനത്തെക്കുറിച്ചോ, സമ്പ്രദായപരിവൎത്തനത്തെക്കുറിച്ചോ വെറും പ്രമേയങ്ങൾ പാസ്സാക്കിയതുകൊണ്ടായില്ല. ക്രിസ്തീയ കുടുംബങ്ങളുടെ ആവശ്യകതയേയോ മാഹാത്മ്യത്തേയോകുറിച്ചു ദീൎഘദീൎഘമായി പ്രസംഗിക്കുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകുന്നില്ല. ക്രിസ്തീയകുടുംബങ്ങൾക്കു പലരുടെയും ബഹുമാനകാരണമാകത്തക്ക പ്രവൃത്തിയാണ് അവശ്യാവശ്യകമായിട്ടുള്ളത്. അപ്പോൾ മാത്രമേ ആ കുടുംബങ്ങൾ ക്രിസ്തീയ കുടുംബം എന്ന അഭിധയ്ക്കു അൎഹമായി ഭവിക്കയുള്ളു. ഈദൃശകുടുംബങ്ങളിൽ അനുഷ്ഠിക്കപ്പെട്ടുവരുന്ന പരിപാടി ശിശുക്കളുടെയും അടുത്ത ഭാവിയിൽ സമുദായനേതൃത്വം വഹിക്കുവാനിരിക്കുന്ന യുവജനങ്ങളുടെയും ആത്മീയാഭിവൃദ്ധിയെ പ്രത്യേകം ലാക്കാക്കിയുള്ളതായിരിക്കണം. ഇവയെല്ലാമറിഞ്ഞിരുന്നിട്ടും ഭൂരിപക്ഷം മാതാപിതാക്കളും കുടുംബത്തെ കെടുത്തത്തക്ക പ്രവൃത്തികൾ ചെയ്തു കാണുന്നതാണ് കഷ്ടാൽ കഷ്ടതരം! വിവാഹകാൎയ്യം സംബന്ധിച്ചുതന്നെ നോക്കുക. ഒരു യുവാവു വിവാഹത്തിനു പാകമായിരിക്കുന്നു; മാതാപിതാക്കൾ അവനുവേണ്ടി ഒരു പെൺകുട്ടിയെ അന്വേഷിക്കുന്നു; പക്ഷെ, കുട്ടിയുടെ സ്വഭാവനൈൎമ്മല്യം എന്നതിനെക്കാൾ സ്ത്രീധനം അധികം എവിടെനിന്നാണ് കിട്ടുക എന്നതായിരിക്കും അവരുടെ ശ്രദ്ധയിൽ ഗാഢമായി പതിയുന്നത്. അധികം പണം കൊടുക്കാമെന്നു ആരു പറയുന്നുവോ ആ കാൎയ്യത്തിനുതന്നെ അവർ വഴിപ്പെടുകയും ചെയ്യും. എത്ര പണം കിട്ടിയാലും ഗുണങ്ങളിൽ താഴ്ന്നിരിക്കുന്ന അഥവാ സ്വഭാവസംസ്കരണം വന്നിട്ടില്ലാത്ത ഒരുത്തിയെ നന്നാക്കിയെടുക്കുവാൻ വളരെ പ്രയാസമാണ്. നേരെമറിച്ചു പണം അധികമൊന്നും കിട്ടിയില്ലെങ്കിലും സ്വഭാവഗുണം തികഞ്ഞ ഒരു യുവതിയെ കണ്ടുകിട്ടുകയാണെങ്കിൽ അവളെ

ക്കൊണ്ടു ആ കുടുംബത്തിനുണ്ടാകുന്ന നന്മ, വലിയ സ്ത്രീധനം കൊണ്ടു ചെയ്യാവുന്നതിലും ആയിരം മടങ്ങായിരിക്കും. നിശ്ചയം. എന്നാൽ ഇയ്യൊരു മണ്ടത്തരത്തിൽ മിക്കവരും പെട്ടുപോകുന്നതുകൊണ്ടു സമുദായത്തിനു ഒട്ടാകെ വന്നു ഭവിക്കുന്ന നാശം ഇത്രയെന്നു പറയുകപോലും അസാദ്ധ്യമാണ്. വലിയ ധനസ്ഥിതിയിൽനിന്നു ബന്ധു പിടിക്കുന്നതു വലിയ മാനമല്ലേ എന്നാണ് പലരും വിചാരിക്കാറുള്ളതു്. പക്ഷേ പണ്ടുള്ളവർ അങ്ങനെ വിചാരിച്ചു പ്രവത്തിച്ചു മണ്ടത്തരത്തിൽ വീണിട്ടുണ്ടെങ്കിൽ അതിനെത്തന്നെ അനന്തരവരും അനുകരിക്കുകയല്ല, പ്രത്യുത, ദോഷമായിട്ടുള്ളതിനെ അതേവിധത്തിൽ തള്ളിയിട്ടു, മററു മാർഗ്ഗങ്ങളിൽ ഏതാണുത്തമമെന്നു കണ്ടുപിടിച്ചു പ്രവത്തിക്കുന്നതാണ് സാക്ഷാൽ പരിഷ്കാരം – പ്രശംസനീയമായ പരിഷ്കാരം – ദൈവത്തിനു ഏററം പ്രീതികരമായ പരിഷ്കാരം. ഈ പരിഷ്കാരം അനുഷ്ഠിക്കപ്പെടുമ്പോൾ കുടുംബം സാക്ഷാൽ ക്രിസ്തീയ കുടുംബമാകും.

എന്തിനധികം ! സംക്ഷേപിച്ചു പറഞ്ഞുകൊള്ളട്ടെ. നിങ്ങളുടെ ഏററം ഉന്നതമായ ഉദ്യോഗം കത്തോലിക്ക കുടുംബങ്ങളിൽ മതാത്മകവും ധാർമ്മികവുമായ അഭിവൃദ്ധി വരുത്തുകയാകുന്നു. കുടുംബങ്ങളെ നിയന്ത്രിക്കയും പരിരക്ഷിക്കയും ചെയ്യുങ്കിൽമാത്രമേ സമുദായങ്ങളും രാജ്യങ്ങളും അഭിലഷണീയ സ്ഥിതി പ്രാപിക്കയുള്ളു.

ഞാൻ ഇത്രയും പറഞ്ഞതിൽനിന്നു കത്തോലിക്കാ കുടുംബങ്ങൾ ഇക്കാലത്തു സാക്ഷാൽ അഭിവൃദ്ധി പ്രാപിക്കുന്നില്ലെന്നോ, കത്തോലിക്കാ മാതാപിതാക്കൾ അതിലേയ്ക്കായി ബുദ്ധിമുട്ടുന്നില്ലെന്നോ ആണ് എൻെറ അഭിപ്രായം എന്നു ആരും തെററിധരിച്ചുപോകരുതു്. കുടുംബജീവിതത്തിൽ ക്ഷേമദമായ ചിഹ്നങ്ങൾ കാണുന്നുണ്ടു്. പക്ഷേ അതിൻെറ മാഹാത്മ്യവും സൗകുമാര്യവും അതിൽ അനുഭവിക്കാനിടയാകുന്ന സൗഭാഗ്യവും എല്ലാവരും അറിയണമെന്നാണ് ഞാൻ പറയുന്നതു്. അതുമൂലം കത്തോലിക്കാ മാതാപിതാക്കളുടെ ഭാരം ലഘൂകൃതമാകണം.

ക്രിസ്തീയ കുടുംബജീവിതം സകലമതസ്ഥൎക്കും ആദരണീയവും അശ്ലേഷ്യവുമായിത്തീരണം.

### VI. ക്രിസ്തീയകുടുംബത്തിന്റെ മാഹാത്മ്യം.

ശ്രീയേശുക്രിസ്തുവിന്റെ ആഗമനത്തോടുകൂടി കുടുംബത്തിനു ഒരു പ്രത്യേക നവീനതയും മാഹാത്മ്യവും വിലയുമുണ്ടായിട്ടുള്ളതു്. അതിനുമുമ്പു് മനുഷ്യകുടുംബം ഒരു സാമുദായിക സംയുക്തശക്തിയേയോ സംയുക്തധനസ്ഥിതിയേയോ മാത്രമേ സൂചിപ്പിച്ചിരുന്നുള്ളു. അതു കേവലം ക്ലേശവും ക്രമരാഹിത്യവും നിറഞ്ഞ ഒരു അഭയസ്ഥാനം മാത്രമായിരുന്നു. എന്നാൽ ക്രിസ്തു ആഗമിച്ചു, തന്റെ നസറേത്തിലുള്ള ആ സാധു കുടുംബത്തിൽ മുപ്പതു വൎഷം താമസിച്ചു അതിനോടുള്ള സ്നേഹം കാണിക്കയും അതിന്റെ പരിരക്ഷണത്തിനായി രാവും പകലും കൈവേല ചെയ്കയും ചെയ്തതിനുശേഷം ഓരോ ക്രിസ്തീയകുടുംബവും സാക്ഷാൽ ഒരു തിരുമണ്ഡപവും (Sanctuary) ഒരു ദിവ്യപ്രസാദസ്രോതസ്സിന്റെ-വിവാഹമെന്നകൂദാശയുടെ-ഒരു പേടകവുമായി പരിണമിക്കയത്രെ ചെയ്തിട്ടുള്ളതു്. അതേ, ഇപ്പോൾ ഓരോ ക്രിസ്തീയ കുടുംബവും വധൂവരന്മാരുടെ പ്രണയപ്രദ്യോതക ചിഹ്നവും, മാനുഷിക ബന്ധങ്ങളുടെ പരിരക്ഷണകേന്ദ്രവും, കുട്ടികൾ നന്മയെ സ്നേഹിപ്പാൻ പരിശീലിപ്പിക്കപ്പെടുകയും, ദൈവജ്ഞാനം ഉപദേശിക്കപ്പെടുകയും ചെയ്യുന്ന ഒരു വിദ്യാലയവും; പ്രാൎത്ഥിക്കേണ്ടതെങ്ങനെയെന്നു പഠിക്കുവാനും, ദിവ്യപ്രസാദസ്രോതസ്സുകൾ സ്വീകരിക്കുവാൻ തങ്ങളെത്തന്നെ ഒരുക്കുവാനും ഉപയുക്തമായ ഒരു പരിശുദ്ധ സ്ഥലവും, സമുദായത്തെയും സാമ്രാജ്യത്തെയും സംരക്ഷിക്കുവാൻ സമൎത്ഥമായ ഒരു കോട്ടയുമാണെന്നു സംശയലേശംകൂടാതെ ആൎക്കും പറയത്തക്കതത്രെ.

ക്രിസ്തു, മനുഷ്യകുടുംബത്തിലെ ഒരംഗമായതോടെ കുടുംബത്തിനു ആദ്ധ്യാത്മികവും ധാൎമ്മികവുമായ ഒരു രൂപാന്തരീഭാവമുണ്ടായി. ഭക്തി, നിൎമ്മലമായ സ്നേഹം, സൗഭാഗ്യം, സമാധാനം എന്നീ ഗുണങ്ങൾ—'കുടുംബപുണ്യങ്ങൾ'—ദൈവത്തിന്റെ സജീവസാന്നിദ്ധ്യത്തിനു മാത്രം നിവേശിപ്പിക്കുവാൻ കഴിയുന്ന ഗുണങ്ങൾ—അതിൽ പ്രവേശിച്ചു.

൧൯൩൫ ജൂലൈ മാസത്തെ

# പൊതു നിയോഗം.

### ജ്ഞാനസംവൎദ്ധകമായ സിനമയുടെ പ്രചരണം.

മനുഷ്യൻ പ്രകൃത്യാ തിന്മയിലേക്കു ചാഞ്ഞിരിക്കുന്നവനാണ്. തന്നിമിത്തം സാഹചര്യങ്ങളുടെ സ്ഥിതിഗതികളനുസരിച്ചു അവൻ സന്മാൎഗ്ഗിയോ ദുൎമ്മാൎഗ്ഗിയോ ആയിത്തീരാനെളുപ്പമുണ്ടു്. ദുഷിച്ച ചലനചിത്രപ്രദൎശനംമൂലം ഉണ്ടായിട്ടുള്ള ദോഷങ്ങൾ അവൎണ്ണനീയമത്രെ. അതുകൊണ്ടാണ് അമേരിക്ക യൂറോപ്പ് മുതലായ രാജ്യങ്ങളിൽ പൊതുജനങ്ങൾ ഇതിനോടു അതൃപ്തി പ്രദൎശിപ്പിക്കയും സത്യാഗ്രഹമനുഷ്ഠിക്കയും ചെയ്തുവരുന്നതു്. കാണാൻകൊള്ളാവുന്ന ചിത്രങ്ങളുടെ പട്ടിക ഇപ്പോൾ അവിടത്തെ മിക്ക പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുക ഒരു പതിവായിത്തീൎന്നിരിക്കുന്നു. വിനോദപ്രിയന്മാൎക്കു ഇതിൽ സംബന്ധിക്കുന്നതിനു യാതൊരു വിരോധവുമില്ല. എന്നാൽ സാധാരണക്കാർ ഗുണദോഷവിവേചനംകൂടാതെ ഏതു ചിത്രവും കാണാൻ പോകുന്നതിനാൽ ഗുണത്തിലധികം ദോഷമാണുണ്ടാകുന്നതു്. മനുഷ്യരിൽ അന്തർലീനമായിരിക്കുന്ന ദുൎവ്വാസനകളെ തട്ടി ഉണൎത്തുന്നതിനുള്ള ശക്തി ചീത്ത ചലന ചിത്രങ്ങൾക്കുള്ളതുപോലെ മറ്റൊന്നിനുമുണ്ടെന്നുതോന്നുന്നില്ല. ജ്ഞാനസംവൎദ്ധകമായ സിനമയുടെ പ്രചരണംകൊണ്ടുമാത്രമേ ഇതിനെ തടയുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു തിരുഹൃദയസഭക്കാർ ഈ ഉദ്ദേശസാദ്ധ്യത്തിനായി ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കേണ്ടതാണ്.

# കുറിപ്പുകൾ.

ചക്രവൎത്തി മഹാരാജാവു തിരുമനസ്സിലെ ൭൦-ാമത്തെ ജന്മദിനം പ്രമാണിച്ചു തിരുവിതാംകൂർ മഹാരാജാവു ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലേയ്ക്കു ജി. സി. ഐ. ഇ. സ്ഥാനം ലഭിച്ചിരിക്കുന്നതായി അറിഞ്ഞു സന്തോഷിക്കുന്നു.

കൊച്ചിയിലെ പുതിയ നിയമസഭ തെരിഞ്ഞെടുപ്പു കഴിഞ്ഞിരിക്കുന്നു. ആകെ ൩൦ അനുദ്യോഗസ്ഥ മെമ്പൎമാരുള്ളതിൽ ഹിന്ദുക്കൾ

൨൨, ക്രിസ്ത്യാനികൾ ൧൦, മുസ്ലിം ൩, യഹൂദർ ൧. ആകെ പത്തു ക്രിസ്ത്യാനികളുള്ളതിൽ താഴെ കാണുന്നവർ കത്തോലിക്കരാണ്. മെസ്സേർസ് ൧. സി. ആർ. ഇയ്യുണ്ണി (തൃശ്ശൂർടൌൺ) ൨. ജോർജ്ജ് പാറക്കൽ (ഞാറക്കൽ) ൩. വക്കി മൂത്തേടൻ (ചാലക്കുടി) ൪. എച്ച്. ഡബ്ളിയു. വാംസ്ലി (തോട്ടക്കാർ.) ൫. പി. ജെ. അലക്സാണ്ടർ (പള്ളുരുത്തി.) ൬. പി. സി. വക്കി (എറണാകുളം വടക്ക.) ൭. സി. ലോനപ്പൻ (കച്ചവട നിയോജകമണ്ഡലം.) ഇവരേവരേയും ഞങ്ങൾ അനുമോദിക്കുകയും അവരുടെ നിയമസഭാ സമാജികത്വം സർവ്വഥാ വിജയമായിപ്പരിണമിക്കട്ടേയെന്നു ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

റവ. ഫാദർ ടെല്ലിയർ എസ്. ജെ. അവർകളുടെ നേതൃത്വത്തിൽ ഇൻഡ്യയിൽനിന്നു പുറപ്പെട്ട തീർത്ഥകസംഘം ലൂർദ്ദിലെ ത്രിദിനാരാധനയിലും, ലണ്ടനിൽ നടന്ന ചക്രവർത്തിയുടെ രജതജൂബിലിയാഘോഷങ്ങളിലും, വി. ജോൺ ഫിഷറിൻെറയും വി. തോമസ് മൂറിൻെറയും നാമകരണം സംബന്ധിച്ചു റോമിൽ നടന്ന ചടങ്ങുകളിലും ഭാഗഭാക്കുകളായതിൻെറശേഷം മടങ്ങി എത്തിയിരിക്കുന്നു.

ഡബ്ളിനിലെ ഒരു കൂലിവേലക്കാരനായ മാററ് ടാൽബോട്ടിനെ സിദ്ധനെന്നു പേരുവിളിക്കുന്നതു സംബന്ധിച്ചു അന്വേഷണങ്ങൾക്കായി പരിശുദ്ധ പിതാവു കർദ്ദിനാൾ റോസ്സിയെ നിയമിച്ചിരിക്കുന്നു.

ബലൂചിസ്ഥാനിലെ ഒരു പ്രധാന നഗരവും പട്ടാളസങ്കേതവുമായ ക്വെററാ എന്ന സ്ഥലത്തു് മെയ് ൩൧-ാം തീയതി വെള്ളിയാഴ്ച വെളുപ്പിനു ൩ മണിക്കു അതിഭയങ്കരമായ ഒരു ഭൂകമ്പമുണ്ടാകുകയും തൽഫലമായി ൫൬,൦൦൦ പേർ മൃതിയടയുകയും അനേകം കെട്ടിടങ്ങൾ നശിച്ചുപോകുകയും ചെയ്തിരിക്കുന്നു. അവിടത്തെ ഒരു കന്യകാമഠവും അതിലെ നിവാസികളും ഭൂകമ്പത്തിൻെറ ആക്രമണത്തിൽനിന്നു രക്ഷപെട്ടിട്ടുണ്ടു്.

തിരുവിതാംകൂർ ഹൈക്കോടതി ചീഫ് ജസ്റ്റിസായി സെക്കണ്ട്റബാദ്ദ് സെഷ്യൻ ജഡ്ജിയായിരുന്ന റാവുബഹദ്ദൂർ എബ്രാഹം വറുഗീസ് ബി. എ. ബി. എൽ. അവർകളെ നിയമിച്ചിരിക്കുന്നു.

ക്വെററാ ഭൂകമ്പദുരിതനിവാരണ ഫണ്ടിലേക്ക് കൊച്ചി മഹാരാജാവു് തിരുമനസ്സുകൊണ്ടു ൨,൫൦൦ ക. യും, മൈസൂർ മഹാരാജാവു ൧൦,൮൦൦ ക. യും, തിരുവിതാംകൂർ മഹാരാജാവു ൧൦,൦൦൦ ക. യും സംഭാവന ചെയ്തിരിക്കുന്നു.

തിരുവിതാംകൂർ സംയുക്ത രാഷ്ട്രീയ സഭയുടെ പ്രസിഡണ്ടായ ശ്രീമാൻ സി. കേശവൻ ബി. എ. ബി. എൽ. അവർകളെ ബന്ധനത്തിലാക്കിയതിലുള്ള പ്രതിഷേധപ്രകടനാർത്ഥം പല സ്ഥലങ്ങളിലും ഹർത്താലും പ്രതിഷേധയോഗങ്ങളും നടന്നിരിക്കുന്നു. മി. സി. കേശവൻ ബന്ധനവിമുക്തനായി വരുന്നതുവരെ അദ്ദേഹത്തിന്റെ കുടുംബത്തിനു പ്രതിമാസം നറ ക. സംഭാവനചെയ്യുന്നതിനു എസ്. എൻ. ഡി. പി. യൂണിയൻ കമ്മററി നിശ്ചയിച്ചിരിക്കുന്നു.

കൊച്ചിരാജകുടുംബത്തിലെ ഫവ്വ-ാം കൂർ കേരളവർമ്മ തമ്പുരാൻ ജൂൺ ന-ാം തീയതി തിങ്കളാഴ്ച തീപ്പെട്ടുപോയിരിക്കുന്നു.

തൃശ്ശിനാപ്പള്ളി മെത്രാനായിരുന്ന നി. വ. ദിവ്യശ്രീ ഫിസംണ്ടി എസ്. ജേ. തിരുമനസ്സുകൊണ്ടു മേയ് വ൫-ാം തിയതി തന്റെ വവ-മത്തെ വയസ്സിൽ കാലധർമ്മം പ്രാപിച്ചിരിക്കുന്നു. തിരുമനസ്സുകൊണ്ടു ൧൯൩൮-ലാണു മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതു്. തിരുമനസ്സിലെ സംസ്കാരകർമ്മം ഇരുനൂറിൽപരം ഈശോസഭാംഗങ്ങളുടേയും അനേകായിരം ജനങ്ങളുടെയും അകമ്പടിയോടുകൂടെ ഷെമ്പകന്നൂരുവെച്ചു നിവർത്തിക്കപ്പെട്ടിരിക്കുന്നു. R. I. P.

---


# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

## യോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്സ്.

ആയുർവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാർക്കു വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാരോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.

ഒരു തുപാത്തൂക്കത്തിന് ക. ർ.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണു രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്. ഒരുസേറിനു ക. ന

സുഖരസഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ഫന്ദ.

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആർത്തവ സംബന്ധമായ എല്ലാം രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ഫന്ദ. ണ്ണാതവ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. വ. അമ്പതിനു ക. ൭.




# പ്രസിദ്ധ ഔഷധങ്ങൾ:

## Malariana മലേറിയാനാ.

ഈ കീൎത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറ്റുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു് ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധികര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങു്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ശമിപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ്പ് സർസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവിക്കേളായ്ക, ചെവിയിൽനിന്നു ചലംവാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഓയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരഔഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛൎദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയ്ക്ക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൃഹപീഡാകരന്റെ പീഡകളല്ലയോ? എന്നാൽ ഈ സിറപ്പ കരള് ഗ്രന്മൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**RINGWORM BALM.** ത്വക്ക്രോഗത്തിനു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങു്, വ്രണം, ചുണങ്ങു് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 നു 5 ണ; 1 ഡജനു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഞ്ചുമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹമ്പൻകട്ട,
മംഗലാപുരം

Reg. No. C. 130.

# പഞ്ചാംഗം.

## ൧൧൧൦ മിഥുനം - കൎക്കടകം. ജൂലൈ ൧൯൩൫.

| | | | | |
|---|---|---|---|---|
| ൧൭ | 1 | തി. | വി. | അഹറോൻ. |
| ൧൮ | 2 | ചൊ. | | എ. ഭാ. ക. മറി. സന്ദൎശനം. |
| ൧൯ | 3 | ബു. | ✻ | ന. പി. വി. തോമ്മാ. |
| ൨൦ | 4 | വ്യാ. | വി. | ഹോശയും ഹഗ്ഗിയും. |
| ൨൧ | 5 | വെ. | വി. | ദൊമീസ്യസ്. |
| ൨൨ | 6 | ശ. | വി. | ഏശയ്യാ. |
| ൨൩ | 7 | ഞാ. | ✠ | സിറി. മെത്തോ. |
| ൨൪ | 8 | തി. | വി. | എലിസബത്ത്. |
| ൨൫ | 9 | ചൊ. | വി. | സേനോ. |
| ൨൬ | 10 | ബു. | വി. | അപ്പല്ലോനിയ. |
| ൨൭ | 11 | വ്യാ. | വി. | യൊ. സ്ലോപ്പളി. |
| ൨൮ | 12 | വെ. | വി. | യോഹ. ഗ്വൽ |
| ൨൯ | 13 | ശ. | വി. | അനക്ലേത്തോസ്. |
| ൩൦ | 14 | ഞാ. | ✠ | വി. ബൊനവെൻത്തൂര. |
| ൩൧ | 15 | തി. | വി. | കുറിയാക്കോ. |
| ○ | 16 | ചൊ. | | എ. ഭാ. കൎമ്മലമാതാ. |
| ൧ | 17 | ബു. | വി. | അല്ലേശ്. |
| ൨ | 18 | വ്യാ. | വി. | കമില്ലോസ്. |
| ൩ | 19 | വെ. | വി. | വിൻസെൻറ്. |
| ൪ | 20 | ശ. | വി. | ഏലിയാനിവ്യാ. |
| ൫ | 21 | ഞാ. | ✠ | വി. ദാനിയേൽ. |
| ൬ | 22 | തി. | വി. | വി. മറിയം മഗ്ദലൈ. |
| ൭ | 23 | ചൊ. | വി. | അപ്പോല്ലിനാരീസ്. |
| ൮ | 24 | ബു. | വി. | ക്രിസ്തീനാ (ഇ. വി.) |
| ൯ | 25 | വ്യാ. | വി. | യാക്കോബ്ശ്ലീഹാ. |
| ൧൦ | 26 | വെ. | വി. | അന്നാമ്മ. |
| ൧൧ | 27 | ശ. | വി. | പന്താലെഓൻ. |
| ൧൨ | 28 | ഞാ. | ✠ | വി. നസ്സാരിയൂസ്. |
| ൧൩ | 29 | തി. | വി. | അബ്ദോൻ. |
| ● | 30 | ചൊ. | വി. | ഇഗ്നാസിയോസ്. |
| ൧൫ | 31 | ബു. | വി. | മത്താ. |

✠ എല്ലാവൎക്കും കടമുള്ള ദിവസം. ✻ സുറിയാനിക്കാൎക്കു കടം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.